2024 മാർച്ച് 6 -ാം തീയ്യതി ഉച്ചതിരിഞ്ഞ് 03.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന കിലയുടെ പന്ത്രണ്ടാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1. | ശ്രീ. എം.ബി രാജേഷ്<br>ബഹു. തദ്ദേശസ്വയംഭരണ & എക്സൈസ് വകുപ്പ് മന്ത്രി | : | ചെയർപേഴ്സൺ |
| 2. | ശ്രീ. കെ.എസ് അജയകുമാർ<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | : | മെമ്പർ |
| 3. | ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളി<br>എം.എൽ.എ വടക്കാഞ്ചേരി നിയോജകമണ്ഡലം | : | മെമ്പർ |
| 4. | ശ്രീ. ബി. പി. മുരളി, പ്രസിഡണ്ട്,<br>കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ | : | മെമ്പർ |
| 5. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | മെമ്പർ |
| 6. | ശ്രീ. ബാലഗോപാൽ പി സി, അഡീഷണൽ ഡയറക്ടർ,<br>(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി) | : | മെമ്പർ |
| 7. | ശ്രീ,ഹരികുമാർ.കെ, ജോയിന്റ് ഡയറക്ടർ,<br>(തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുടെ പ്രതിനിധി) | | മെമ്പർ |
| 8. | ഡോ.ജ്യോതിസ് സത്യപാലൻ<br>പ്രൊഫസ്സർ, NIRD&PR, ഹൈദരാബാദ്<br>(NIRD&PR പ്രതിനിധി) | | മെമ്പർ |
| 9. | ശ്രീ.സിന്ധ്യ.ടി.എസ്, അണ്ടർ സെക്രട്ടറി,<br>(സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് പ്രതിനിധി) | : | മെമ്പർ |
| 10 | ശ്രീ.കെ.ബി.മദൻമോഹൻ, സി.ഇ.ഒ,<br>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി | : | മെമ്പർ |

**ഐറ്റം നമ്പർ : 1**

കിലയുടെ പതിനൊന്നാമത് ഗവേണിംഗ് കൌൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്

**2023 ജൂലായ് 11 ന്** ചേർന്ന കിലയുടെ പതിനൊന്നാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുന്നു. **(അനുബന്ധം–1)**

**തീരുമാനം:**

**കിലയുടെ പതിനൊന്നാമത് ഗവേണിംഗ് കൌൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു.**

## ഐറ്റം നമ്പർ: 2

**മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 11 TH GOVERNING COUNCIL HELD ON 11/07/2023 | |
|---|---|
| Governing Council Decision | Action Taken |
| **ഐറ്റം നമ്പർ : 1**<br>2022 ഒക്ടോബർ 20 ന് ചേർന്ന കിലയുടെ പത്താമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്<br><br>**തീരുമാനം**<br>2022 ഒക്ടോബർ 20 ന് ചേർന്ന കിലയുടെ പത്താമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ: 2**<br>മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം**<br>മുൻ ഗവേണിംഗ് കൌൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഗവേണിംഗ് കൌൺസിൽ ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി | നടപടികൾ സ്വീകരിച്ചുവരുന്നു. |
| **ഐറ്റം നം. 3**<br>ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്<br><br>**തീരുമാനം**<br>2022-23 സാമ്പത്തിക വർഷത്തിലെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ 13/04/2023 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം നിയമിച്ചത് സാധൂകരിക്കുവാനും പ്രസ്തുത തീരുമാനം അംഗീകരിക്കുവാനും ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നം. 4**<br>2023-24 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br><br>**തീരുമാനം**<br>2023-24 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |

| | |
|---|---|
| **ഐറ്റം നമ്പർ – 5**<br>ഓഡിറ്റ് റിപ്പോർട്ട്: 2022-23 അംഗീകരിക്കുന്നത് സംബന്ധിച്ച്<br>(1) 2022-23 സാമ്പത്തിക വർഷത്തിൽ കിലക്ക് ലഭിക്കാത്ത സർക്കാരിന്റെ ധനസഹായം സംബന്ധിച്ച് 06/07/2023 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവേണിംഗ് കൌൺസിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു | |
| i. 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി കില ചെലവഴിച്ച തുക പൂർണ്ണമായും കിലക്ക് തിരികെ ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് അടിയന്തിരമായി സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ എസ് അജയകുമാറിനെ ചുമതലപ്പെടുത്തി.<br><br>ii. 2022-23 സാമ്പത്തിക വർഷത്തിൽ കിലക്ക് അനുവദിച്ച സർക്കാർ ധനസഹായം നടപ്പ് സാമ്പത്തിക വർഷത്തിൽ കിലക്ക് അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ എസ് അജയകുമാറിനെ ചുമതലപ്പെടുത്തി. | 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ലഭ്യമാക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ 276 ലക്ഷം രൂപ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിച്ചു. തുക ലഭ്യമായിട്ടില്ല. |
| iii. 2022-23 സാമ്പത്തിക വർഷത്തിൽ CSS പദ്ധതിയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ തുല്യ വിഹിതമായ സംസ്ഥാന സർക്കാരിന്റെ ധനസഹായം 85.42 ലക്ഷം രൂപ കില-കൊട്ടാരക്കര സെന്റർ (മുൻ SIRD) ന് നടപ്പ സാമ്പത്തിക വർഷത്തിൽ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ എസ് അജയകുമാറിനെ ചുമതലപ്പെടുത്തി. | 2022-23 സാമ്പത്തിക വർഷത്തിൽ CSS പദ്ധതിയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ തുല്യ വിഹിതമായ സംസ്ഥാന സർക്കാരിന്റെ ധനസഹായം 85.42 ലക്ഷം രൂപ 31.10.2023 ൽ കിലയ്ക്ക് ലഭിച്ചു. |
| iv. സർവ്വീസ് ടാക്സുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് വിശദമായ കത്ത് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി ചെയർപേഴ്സൺ കൂടിയായ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | വിശദമായ കത്ത് സർക്കാരിലേക്ക് സമർപ്പിച്ചു |
| (2) 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |

| | |
|---|---|
| **ഐറ്റം നമ്പർ : 6**<br>കിലയിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച്<br>**തീരുമാനം**<br>മേൽ വിഷയം സംബന്ധിച്ച് 06/07/2023 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവേണിംഗ് കൌൺസിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു | |
| 1. 2023-24 സാമ്പത്തിക വർഷത്തിൽ കിലക്ക് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ വകയിരുത്തിയ 3300 ലക്ഷം രൂപ അടിയന്തിരമായി കില ഡയറ്കടർ ജനറലുടെ അക്കൌണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനുള്ള നടപടിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | 2023-24 സാമ്പത്തിക വർഷത്തിൽ കിലക്ക് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ വകയിരുത്തിയ 3300 ലക്ഷം രൂപയിൽ നിന്ന് ആദ്യ ഗഡുവായി 600 ലക്ഷം രൂപ അനുവദിച്ച കൊണ്ടുള്ള ഉത്തരവ് ലഭിച്ചു. തുക കില അക്കൗണ്ടിൽ ലഭിച്ചിട്ടില്ല. |
| 2. വർഷാരംഭത്തിൽ ധനസഹായം ലഭ്യമാക്കാത്ത തിനാൽ പരിശീലന സ്ഥാപനമായ കിലക്ക് കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട തുക അനുവദിക്കുമ്പോൾ തന്നെ ആയത് കില ഡയറക്ടർ ജനറലുടെ അക്കൌണ്ടിലേക്ക് Reimburse ചെയ്ത് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. കിലക്ക് കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട തുക അനുവദിക്കുമ്പോൾ ആയത് കില ഡയറക്ടർ ജനറലുടെ അക്കൌണ്ടിലേക്ക് Reimburse ചെയ്ത് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം സർക്കാരിലേക്ക് വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുകൂല ഉത്തരവ് ലഭിച്ചിട്ടില്ല. |
| 3. 2021-22 വർഷത്തിൽ കില സെന്റർ തളിപ്പറമ്പിന്റെ പ്രവൃത്തിക്ക് താത്കാലികമായി കില SDC കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച നൽകിയത് സാധൂകരിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. സർക്കാരിൽ നിന്ന് പ്രസ്തുത പ്രവർത്തി കൾക്കുള്ള തുക അനുവദിക്കുമ്പോൾ കില ഡയറക്ടറുടെ അക്കൗണ്ടിലേക്ക് Reimburse ചെയ്ത് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | സർക്കാരിൽ നിന്ന് തുക ലഭ്യമാകാത്തതിനാൽ SDC കോർപ്പസ് ഫണ്ടിൽ നിന്നും മുൻകൂറായി എടുത്ത തുക തിരിച്ചടച്ച് ക്രമവൽക്കരിക്കാൻ സാധിച്ചിട്ടില്ല. |

| | |
|---|---|
| 4. 2022-23 സാമ്പത്തിക വർഷത്തിൽ ധനസഹായമായി കിലയ്ക്ക് ലഭ്യമാക്കേണ്ട 3837.42 ലക്ഷം രൂപ കിലക്ക് ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>5. 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ ധനസഹായം പ്രതീക്ഷിച്ചുകൊണ്ട് ഭരണാനുമതി ലഭ്യമായ പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കിയതിനെത്തുടർന്ന് ബന്ധപ്പെട്ട ചെലവുകൾ വിവിധ പ്രോജക്ടുകൾ/സ്രോതസുകളിൽ നിന്നും മുൻകൂർ തുക എടുത്ത് ചെലവഴിച്ച 1755.67 ലക്ഷം രൂപ ക്രമവൽക്കരിക്കുന്നതിനായി ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. പ്രസ്തുത തുക കില ഡയറക്ടർ ജനറലിന്റെ അക്കൗണ്ടിലേക്ക് Reimburse ചെയ്തു ഉത്തരവ് ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | സർക്കാരിലേക്ക് വിശദമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എങ്കിലും ആയതിന് പരിഗണിച്ച് ഉത്തരവ് ലഭിച്ചിട്ടില്ല. |
| ഐറ്റം നം. 7<br>കില തളിപ്പറമ്പ - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി & ലീഡർഷിപ്പ് ( IPPL) - സംബന്ധിച്ച്<br><br>**തീരുമാനം**<br>കില തളിപ്പറമ്പ അന്താരാഷ്ട്ര നേതൃ പഠന കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി & ലീഡർഷിപ്പ് ( IPPL) കോളേജിന്റെ പ്രവർത്തനങ്ങളും 2022-23 സാമ്പത്തിക വർഷത്തെ ചെലവ് വിവരങ്ങളും 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റും ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. പ്രസ്തുത ചെലവുകൾ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് ലഭിക്കുന്ന ധനസഹായത്തിൽ ഉൾപ്പെട്ടിട്ടുള്ള Capability Development എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാനും ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഐറ്റം നം. 8<br>കില തൃശ്ശൂർ ക്യാമ്പസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പുതിയ കോഴ്സുകൾ തുടങ്ങുന്നത് - സംബന്ധിച്ച്<br><br>**തീരുമാനം**<br>കില തൃശ്ശൂർ ക്യാമ്പസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ഗവേണിംഗ് കൌൺസിൽ അംഗീകാരം നൽകി. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി. | നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| **ഐറ്റം നം.** 9<br>കില ഡയറക്ടർ ജനറലുടെ നിയമനം - സംബന്ധിച്ച്<br><br>**തീരുമാനം**<br>1. കിലയിൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമണിന് 19/05/2023 പൂർവ്വാഹ്നം മുതൽ കില ഡയറക്ടർ ജനറലിന്റെ ചുമതല നൽകി കാലാവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളത് ഗവേണിംഗ് കൌൺസിൽ ചർച്ച ചെയ്ത് വിലയിരുത്തി.<br>2. കില ഡയറക്ടർ ജനറലുടെ നിയമനം സർക്കാരാണ് നടത്തുന്നത്. സർക്കാർ തീരുമാന പ്രകാരം പുതിയ ഒരാളെ കണ്ടെത്തി നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറൽ സ്ഥാനത്ത് തുടരുവാൻ ഡോ. ജോയ് ഇളമണിനെ അനുവദിക്കാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. | സർക്കാരിലേക്ക് വിവരം അറിയിച്ചിട്ടുണ്ട്. |
| **ഐറ്റം നം.** 10<br>കിലയിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക-- സംബന്ധിച്ച്<br><br>**തീരുമാനം**<br>ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരവും HR പോളിസി പ്രകാരവും കിലയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മാത്രമാണ് നിലവിൽ ഉള്ളത് എന്ന് ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. ടി തസ്തിക തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നികത്താവുന്നതാണ് എന്നത് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. | സർക്കാരിലേക്ക് വിവരം അറിയിച്ചിട്ടുണ്ട്. |
| **ഐറ്റം നം.** 11<br>കിലയിലെ അസിസ്റ്റന്റ് പ്രൊഫസറുടെ യോഗ്യത സംബന്ധിച്ച്<br><br>**തീരുമാനം**<br>2018 ലെ യു.ജി.സി നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ അടിസ്ഥാന യോഗ്യതയായി പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഡിഗ്രിയും NET ഉം ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത യോഗ്യതമാനദണ്ഡങ്ങൾ കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികക്ക് കൂടി ബാധമകമാക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. പ്രസ്തുത തീരുമാനം കിലയുടെ നിയമാവലിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിക്ക് ഗവേണിംഗ് കൌൺസിൽ അംഗീകാരം നൽകി. | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നം.** 12<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം-- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം - സംബന്ധിച്ച്<br>**തീരുമാനം** | |

| | |
|---|---|
| കില - കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രവർത്തനങ്ങളും നടപടികളും ഗവേണിംഗ് കൌൺസിൽ ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നം.** 13<br>കിലയുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിലുള്ള കേസുകൾ – സംബന്ധിച്ച്<br><br>**തീരുമാനം**<br>കിലയിലും പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ടും കിലയിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ച വിശദാംശം കില ഗവേണിംഗ് കൌൺസിൽ ചർച്ച ചെയ്ത് വിലയിരുത്തി. ആവശ്യമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ഐറ്റം നം.** 14<br>അസിസ്റ്റന്റ് ഡയറക്ടർ, പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ/ പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി- സംബന്ധിച്ച്<br><br>**തീരുമാനം**<br>അസിസ്റ്റന്റ് ഡയറക്ടർ, പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ/ പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി ഗവേണിംഗ് കൌൺസിൽ വിശദായി ചർച്ച ചെയ്തു.<br>കിലയുടെ HR പോളിസിക്ക് സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറക്ക് കിലയിലെ ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിലേക്കായി Screening cum Selection Committee രൂപീകരിക്കുന്നതിനും ജീവനക്കാർക്ക് പ്രമോഷൻ നൽകിയ നടപടി പ്രസ്തുത കമ്മറ്റി മുമ്പാകെ സാധൂകരണത്തിനായി സമർപ്പിക്കുന്നതിനായുള്ള 06/07/2023 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം ഗവേണിംഗ് കൌൺസിൽ ശരിവെച്ചു. | സർക്കാർ അംഗീകരിച്ച എച്ച്.ആർ.പോളിസി പ്രകാരം Screening cum Selection Committee രൂപീകരിക്കുന്നതിലേക്കുള്ള നടപടിക്കായി 29.02.2024 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. തീരുമാനത്തിന് അനുസൃതമായി തുടർനടപടികൾ കൈക്കൊള്ളുന്നതാണ് |
| **ഐറ്റം നം.** 15<br>ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം നടത്തിയത് - സംബന്ധിച്ച്<br><br>**തീരുമാനം**<br>20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാന പ്രകാരം സുതാര്യമായ നടപടിക്രമങ്ങളിലൂടെ ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തിയത് ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. | നടപടികൾ പൂർത്തീകരിച്ചു. |
| **ഐറ്റം നം.** 16<br>സ്ഥിരനിയമനം - കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കോർ ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ സംബന്ധിച്ച് | |

| | |
|---|---|
| **തീരുമാനം**<br>കിലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്ന ഡോ.ജിബിനി.വി.കുര്യൻ, അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ്) , ഡോ.വിനോദ്.എസ്, അസി.പ്രൊഫസർ (റൂറൽ സോഷ്യോളജി), ശ്രീമതി.വിനീത.എം., ലക്ചറർ ( വുമൺ & ചൈൽഡ് ഡെവലപ്മെന്റ്) എന്നിവർ, അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികകളിൽ സ്ഥിരം നിയമനം നല്കണമെന്ന അപേക്ഷകൾ ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്തു. ടി വിഷയം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | ഗവേണിംഗ് കൌൺസിൽ തീരുമാന പ്രകാരം കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന കോർ ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് |
| **ഐറ്റം നം. 17**<br>കില ഹെഡ്ക്വാർട്ടേഴ്സിലും കില കൊട്ടാരക്കരയിലും ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ അംഗീകൃത തസ്തികകളിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് -<br><br>**തീരുമാനം**<br>കില ഹെഡ്ക്വാർട്ടേഴ്സിലും കില സിഎച്ച്ആർഡിയിലും അംഗീകൃത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ ടി തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്തു. ടി വിഷയം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | ഗവേണിംഗ് കൌൺസിൽ തീരുമാന പ്രകാരം കില ഹെഡ്ക്വാർട്ടേഴ്സിലും കില കൊട്ടാരക്കരയിലും ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ അംഗീകൃത തസ്തികകളിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| **ഐറ്റം നം. 18**<br>കില ഫിനാൻസ് & അക്കൌണ്ട്സ് ഓഫിസർ ശ്രീമതി. ആർ. ഗിരിജാദേവി സമർപ്പിച്ച സ്വയം വിരമിക്കൽ അപേക്ഷ - സംബന്ധിച്ച്<br><br>**തീരുമാനം**<br>1) സംസ്ഥാന സർക്കാരിന്റെ സ്വയം വിരമിക്കൽ പദ്ധതി (വി.ആർ.എസ് സ്കീം) കിലയിലും ബാധക മാക്കുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. പ്രസ്തുത തീരുമാനം കിലയുടെ നിയമാവലിയിൽ ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഭേദഗതിക്ക് ഗവേണിംഗ് കൌൺസിൽ അംഗീകാരം നൽകി. | ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം ശ്രീമതി. ഗിരിജാ ദേവിയുടെ സ്വയം വിരമിക്കൽ അപേക്ഷ അംഗീകരിക്കുന്നതിനും, ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ തസ്തിക യിലേക്ക് നിയമന നടപടി കൈകൊള്ളുന്നതിനും, ടി തസ്തിക യിലേക്ക് പുതിയ നിയമനം നൽകുന്ന വ്യക്തിക്ക് ചാർജ്ജ് കൈമാറുന്ന മുറയ്ക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ട് ശ്രീമതി. ഗിരിജാ ദേവി ആർ നെ ടി തസ്തികയിൽ നിന്ന് വിടുതൽ നൽകുന്നതിന് 30.11.2023 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.<br>ആയതിനെ തുടർന്ന് കില ഫിനാൻസ് & അക്കൌണ്ട്സ് ഓഫിസർ തസ്തിക |

| | |
|---|---|
| 2) ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസറുടെ സ്വയം വിരമിക്കൽ അപേക്ഷ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനത്തിനനുസൃതമായി നടപ്പിലാക്കാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മറ്റിയെ ചുമതലപ്പെടുത്തുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു . | യിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകിയതിനെ തുടർന്ന് മാർച്ച് 15 നകം ടിയാൾ ജോലിയിൽ പ്രവേശിക്കണമെന്നാണ് അറിയിച്ചിട്ടുള്ളത്.<br>എന്നാൽ ടിയാന് നിലവിലെ ജോലിയിൽ നിന്ന് വിടുതൽ ചെയ്യാൻ സാധിക്കില്ലായെന്ന ക്ഷമാപണത്തോടെയുള്ള അറിയിപ്പ് ഇമെയിൽ മുഖാന്തിരം 29.02.2024 ന് കിലയിൽ അറിയിച്ചിട്ടുള്ളതിനാൽ വീണ്ടും പത്രപരസ്യം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| **ഐറ്റം നം. 19**<br>കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിലേക്കായി ഭൂമി കില നേരിട്ട് ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.<br>**തീരുമാനം**<br>കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിലേക്കായി കില നേരിട്ട് ഭൂമി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക് ഭൂമി വാങ്ങുന്നതിനുള്ള നടപടിക്ക് ഗവേണിംഗ് കൗൺസിൽ അംഗീകാരം നൽകി. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു | കിലയുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ഭൂമി കില നേരിട്ട് ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമായിട്ടില്ല എന്നത് അറിയിക്കുന്നു. |
| **ഐറ്റം നം. 20**<br>റിപ്പോർട്ടിംഗ്<br>**തീരുമാനം**<br>വിവിധ മേഖലകളിലുള്ള കിലയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ് എന്ന് ഗവേണിംഗ് കൗൺസിൽ വിലയിരുത്തി. | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നം. 21**<br>കില - വാർഷിക റിപ്പോർട്ട് 2022-23 - സംബന്ധിച്ച്<br>**തീരുമാനം**<br>2022-23 സാമ്പത്തിക വർഷത്തെ പരിപാടികളുടെ വാർഷിക റിപ്പോർട്ട് കില ഗവേണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നം. 22**<br>കില - 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പരിശീലനങ്ങൾ സംബന്ധിച്ച്<br>**തീരുമാനം**<br>2023-24 സാമ്പത്തിക വർഷത്തിൽ കില നടപ്പിലാക്കുന്ന പരിശീലനങ്ങൾ സംബന്ധിച്ച വിവരങ്ങൾ കില ഗവേണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു. |

| ACTION TAKEN REPORT ON THE DECISION OF THE 8 TH GOVERNING COUNCIL HELD ON 17/11/2021 | |
|---|---|
| Governing Council Decision | Action Taken |
| **ഐറ്റം നമ്പർ – 6**<br><br>സംയോജിത കിലയുടെ കരട് HR പോളിസി – സംബന്ധിച്ച്<br><br>**<u>തീരുമാനം :</u>**<br><br>സംയോജിത കിലയുടെ കരട് HR പോളിസി ഗവേർണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗങ്ങൾ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ച സംയോജിത കിലയുടെ HR പോളിസി അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. വിശദമായ അജണ്ട ഐറ്റം നമ്പർ 5 ആയി ഉള്ളടക്കം ചെയ്യുന്നു. |

**തീരുമാനം:**

മുൻ ഗവേണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഗവേണിംഗ് കൗൺസിൽ ചർച്ച ചെയ്തു.

മുൻ ഗവേണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ 11/07/2023 ചേർന്ന യോഗത്തിലെ ഐറ്റം നം. 18 പ്രകാരം കില ഫിനാൻസ് & അക്കൌണ്ട്സ് ഓഫിസർ ശ്രീമതി. ആർ. ഗിരിജാദേവിയുടെ വിടുതൽ ചെയ്യുന്നതിന് അടിയന്തിര നടപടിയുടെ ഭാഗമായി നിലവിൽ ഇന്റേണൽ ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിന്റെ ഒരു ചാർട്ടേണ്ട് അക്കൗണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതാണെന്ന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. പുതിയ ആളെ നിയമിക്കുന്നതിനുള്ള നടപടി ഇതോടൊപ്പം സ്വീകരിക്കേണ്ടതാണ്. മേൽപരാമർശിച്ച കരാറടിസ്ഥാനത്തിലുള്ള സേവനം പുതിയ ആളിനെ കണ്ടെത്തി നിയമിക്കുന്നതുവരെ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

## ഐറ്റം നമ്പർ : 03

**2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് - സംബന്ധിച്ച്**

2024-25 സാമ്പത്തിക വർഷത്തിൽ കിലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ധനസഹായങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രതീക്ഷിക്കുന്ന പ്രധാന ധനസ്രോതസ്സുകളുടെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | തുക ലക്ഷത്തിൽ |
|---|---|---|
| 1. | KILA Grant -in- Aid – Plan 2024-25 | 2800 |
| 2. | KILA Centres – erstwhile ETCs (3 nos) | 150 |
| 3. | Grant from State Govt. Non-Plan- KILA HQ | 46.32 |
| 4. | Recurring Grant from MoRD CHRD Kottarakkara | 150 |
| 5. | Recurring Grant from Govt. of Kerala - CHRDKottarakkara | 150 |
| 6. | Rashtreeya Gram Swaraj Abhiyan - Central Govt.- (RGSA SCHEME) | 6014 |
| 7. | RKI Programme For Results | 865.48 |
| 8. | Project TQM ISO | 104.15 |
| 9. | KSDMA Project LG DM Plan | 60 |
| 10. | Assam Society for Comprehensive Financial Management System | 36.80 |
| 11. | Climate Down Scaling for Risk Informed Planning (CDSRIP)14.77 Cr for 3 Years | 492 |
| 12. | Strenghthening Child Friendly Local Governance in Kerala - UNICEF | 44.61 |
| 13. | Lead Agency for conducting Training Need Assessment and Delivery of Training Programmes - KSWMP | 123.01 |
| 14. | KDISC - Onle Local Governments One Idea | 200 |
| 15. | Project KIIFB | 450 |
| 16. | Urban Chair - Contribution from Urban Local Bodies | 145.04 |
| 17. | Contributions for Construction of Women Hostel Kottarakkara Centre-(from Block Panchayaths) | 131.07 |
| 18. | IPPL Course- Fees (Tuition Fee, Admission Fee etc) | 39.1 |
| 19. | MoPR STUDY PROJECT (2 NOS) | 7.11 |
| 20. | Urban Policy commission | 350 |
| 21. | Department of Urban Affairs | 10 |
| | **ആകെ** | **12368.69** |

മേൽ ധനസഹായം കണക്കിലെടുത്തുക്കൊണ്ട് വിവിധ പദ്ധതികൾ, പരിശീലനങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പ്രോജക്ടുകൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനെ അടിസ്ഥാനമാക്കിയുള്ള വരവ് ചെലവ് കണക്കുകളും മറ്റ് അനുബന്ധ പദ്ധതികളുടെ ചെലവുകളും ഉൾക്കൊള്ളിച്ചുക്കൊണ്ടാണ് വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷിപ്ത രൂപം ചുവടെച്ചേർക്കുന്നു.

2024–25 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

## Budget Estimate for the year 2024-25 (Brief)

**(Rupees in Lakhs)**

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| **1** | **Opening Balance(A)** | **7,951.48** | **6,293.11** | **6,293.11** | **6,282.20** | |
| **2** | **Revenue Income(B)** | | | | | |
| **2.1** | **Grant from Government - Non-Plan fund** | **182.67** | **347.25** | **71.78** | **346.33** | |
| 2.1 a | Grant from State Govt. Non-Plan- KILA HQ | 40.31 | 47.25 | 23.63 | 46.33 | Expected budget allocation of Non-Plan Grant in Aid from GoK- KILA HQ |
| 2.1 b | Recurring Grant from MoRD CHRD Kottarakkara | 85.41 | 150.00 | 19.68 | 150.00 | Grant for erstwhile SIRD(now KILA) - Expected 50% as share of training expenses ,full salary of core faculty of & maximum support for non-teaching staff & other expenses (Rs. 25 lakhs) |
| 2.1 c | Recurring Grant from Govt. of Kerala - CHRDKottarakkara | 56.95 | 150.00 | 28.47 | 150.00 | Grant for erstwhile SIRD (now KILA)- Non plan grant State Contribution matching share(Rs.28.47 lakhs received for the year 2022-23) |
| 2.2 | Income from Training programme | 902.34 | 1,053.84 | 1,008.84 | 1,133.33 | Expected income of administration charges, Online platform charge, faculty & staff time, room rent & rent training equipment etc. |
| 2.3 | Interest from Bank | 67.99 | 68.00 | 32.14 | 10.00 | Expected income from interest on bank |
| 2.4 | Other Income | 24.01 | 26.41 | 37.10 | 42.67 | Expected income from Quarters rent, photocopy charges, cost of tender, Fee for RTI etc. |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 2.4.1 | IPPL_ Tution Fee | 0.70 | 6.75 | 1.69 | 16.00 | Expected fund from IPPL |
| 2.4.2 | IPPL_ Admission Fee | 0.15 | 0.46 | 0.33 | 0.45 | |
| 2.4.3 | IPPL_Caution Deposit | 0.14 | 0.45 | 0.23 | 0.45 | |
| 2.4.4 | IPPL_ Mess and Hostel Fee | 0.07 | 21.87 | 2.37 | 22.20 | |
| 2.5 | Development of Centers Handed Over to KILA – (Allocation under Grant in Aid Plan ) | 42.29 | 75.00 | - | 75.00 | Approved annual plan 2024-25 fund earmarked for the day-to-day expenditure incurred for KILA centres- Agali, Trivandrum etc. |
| 2.6 | Additional requirement for KILA CHRD - (Allocation under Grant in Aid Plan ) | 50.00 | 50.00 | - | 50.00 | Approved annual plan 2024-25 fund earmarked for the day-to-day expenditure incurred for KILA centres- KILA-CHRD |
| 2.7 | Government Grant - Capability Development - International Centre for Leadership Studies - Kerala | | 70.00 | - | 70.00 | Earmarked fund for the International Centre for Leadership Studies - Kerala - Under Grant In Aid Plan Capability Development |
| 2.8 | Government Grant -IPPL College | | 89.80 | - | 98.78 | Earmarked fund for the IPPL College - Under Grant In Aid Plan Capability Development |
| | ***Sub Total (B)*** | ***1,270.37*** | ***1,809.84*** | ***1,154.48*** | ***1,865.21*** | |
| | | | | | | |
| 3 | **Project Income - Central Assistance & State Govt (C)** | | | | | |
| 3.1 | Scheme fund KILA-CHRD | 2.45 | 20.00 | 5.54 | 6.37 | Programmes such as PMAY/Rurban Fund/NIRD & Other Projects etc. - Kottarakkara Centre |
| 3.2 | Rashtreeya Gram Swaraj Abhiyan - Central Govt.-(RGSA) | 1,730.95 | 10,062.00 | 2,106.44 | 6,014.00 | Expected fund from RGSA project - allocation for Capacity Building component 2024-25 |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 3.3 | Project - Mahila Kissan Sasaakthikaran Abhiyaan-MKS - (Interest from Bank) | 3.61 | - | 8.00 | - | Project Completed |
| 3.4 | MoPR Study on Development of Human Resources in Panchayats | 9.24 | 6.16 | 6.16 | - | Project Completed |
| 3.5 | MoPR Study -Evaluation Study of Incentivization of Panchayats scheme | 1.73 | 4.03 | - | 4.03 | Project Started from 2020-21 Expected project fund for the year 2024-25 |
| 3.6 | MoPR Study- Present Status Rural LGS in Non Part IX areas of the Country | - | 3.08 | - | 3.08 | Project Started from 2020-21 Expected project fund for the year 2024-25 |
| 3.7 | Project Sankalp | 1.77 | - | - | - | Project Completed |
| 3.8 | District Plan comparison - MOPR | 18.79 | - | - | - | Project Completed |
| 3.9 | Department of Urban Affairs | 4.54 | 10.00 | - | 10.00 | Expected fund from Dept. of Urban Affairs |
| 3.10 | Project TQM ISO - | 31.86 | 120.00 | 16.15 | 104.15 | Expected Contribution from LSGI |
| 3.11 | KSDMA Project LG DM Plan | 27.26 | 55.00 | 18.37 | 60.00 | Project Started from 2020-21 Expected project fund for the year 2024-25 |
| 3.12 | Project KIIFB | 462.59 | 937.41 | 165.12 | 450.00 | KILA SPV KIIFB Project-Centage charges for 1 crore category as per the tripartite agreement signed and expect centage charge (4%) for 3 crore category |
| 3.13 | RKI Programme for Results | - | 851.74 | 137.35 | 865.48 | Expected project fund for the year 2024-25 |
| 3.14 | KDISC - Onle Local Governments One Idea | 76.10 | 195.96 | 43.20 | 200.00 | Expected project fund for the year 2024-25 |
| 3.15 | Project One Health | 35.15 | 0.75 | - | - | Project continuing |
| 3.16 | Project Women & Child Development | 4.80 | 4.80 | 3.84 | - | Project Completed |
| 3.17 | Lead Agency for conducting Training Need Assessment and Delivery of | - | 122.79 | 2.25 | 123.01 | Expected project fund for the year 2024-25 |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | Training Programmes - KSWMP | | | | | |
| 3.18 | SPIU-National Cyclone Risk Mitigation Project I | 84.11 | - | - | - | Project Completed |
| 3.19 | UNDP - GoI - GEP - IHRML Project | 13.68 | - | - | - | Project Completed |
| 3.20 | Project UNEP Ecosystem-based Disaster Risk Reduction (Eco- DRR) | 22.89 | - | 43.59 | - | Project Completed |
| 3.21 | Project UNICEF - Localising SDG for Child Rights | 37.02 | - | - | - | Project Completed |
| 3.22 | Project UNICEF - Child Budgeting Karanataka | 1.11 | - | - | - | Project Completed |
| 3.23 | SDG- UNICEF_ Support to State Govt- Tamilnadu | 6.97 | - | - | - | Project Completed |
| 3.24 | Strenghthening Child Friendly Local Governance in Kerala - UNICEF | - | 39.32 | 45.46 | 44.61 | Expected project fund for the year 2024-25 |
| 3.25 | NIUA-KILA _Project ITCN | 0.90 | - | - | | Project Completed |
| 3.26 | Assam Society for Comprehensive Financial Management System | - | 56.05 | 19.25 | 36.80 | Project Started from 2021-22 and reimbursement expected during the year 2024-25 |
| 3.27 | Preparation of ESSA Addendum for the proposed Resilient Kerala Program Additional Financing (AF) | 27.01 | - | - | - | Project Completed |
| 3.28 | UNICEF_Training Sanitation Workers on Safety and Dignity in Kerala | - | - | 14.15 | - | Project Completed |
| 3.29 | Project of GIZ | - | - | 7.92 | | Project Contiuing |
| 3.30 | Climate Down Scaling for Risk Informed Planning (CDSRIP)14.77 Cr for 3 Years | - | - | - | 492.00 | Expected project fund for the year 2024-25 |
| 3.31 | Urban Policy commission | - | - | - | 350.00 | Expected project fund for the year 2024-25 |
| 3.32 | Mayors SDG Fellowship | | | 12.60 | - | Project Contiuing |
| | ***Sub Total (C)*** | ***2,604.51*** | ***12,489.09*** | ***2,655.39*** | ***8763.53*** | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | | | | | | |
| **4** | **Non-Capital Income (D)** | | | | | |
| **4.1** | State Plan - (Non-Capital Income) 2022-23 | 903.87 | - | 1,493.00 | - | Fund taken back by Govt refunded |
| **4.2** | State Plan - (Non Capital Income) 2021-22 | 680.24 | - | - | - | |
| **4.3** | State Plan - (Non Capital Income) 2023-24 | - | ***2,380.00*** | | ***1,880.00*** | Expected Grant for Capacity Building Activities of 2024-25 Rs.1880 Lakhs |
| **4.3.1** | **Capability Development** | | | | | |
| 4.3.1 a | Kerala Specefic Capability Building Development (including provision for IPPL course, Gender School, centre for urban governance programmes) | - | 1,600.00 | - | 1,235.00 | |
| 4.3.1 b | Support to State Resource group & Strengthening Hlp Desk system | - | 300.00 | - | 200.00 | |
| 4.3.1 c | Virtual Learning System | - | 41.00 | - | 20.00 | |
| 4.3.1 d | Area Development Programmes | - | 30.00 | - | 30.00 | |
| 4.3.1 e | Natioanl & International Programmes | - | 50.00 | - | 50.00 | |
| **4.3.2** | **Research, Studies & Evaluation** | - | 30.00 | - | 30.00 | |
| **4.3.3** | **Documentation Dissemination Knowledge Management** | | | | | |
| 4.3.3 a | Documentation of Good Practices & Museum on Decentralisation | - | 10.00 | - | 10.00 | |
| 4.3.3 b | Seminars and Workshops | - | 50.00 | - | 36.00 | |
| 4.3.3 c | Upgradation of KILA Journal of Local Governance | - | 4.00 | - | 4.00 | |
| **4.3.4** | **Institutional Strengthening** | | | | | |
| 4.3.4 a | Development of Centres handed over to KILA - programmes | - | 75.00 | - | 75.00 | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 4.3.4 b | Up gradation of Library, e Library & Information system development | - | 15.00 | - | 15.00 | |
| 4.3.4 c | Faculty & Staff Improvement programme | - | 5.00 | - | 5.00 | |
| 4.3.4 d | Initiating various thematic centers/chairs/hubs | - | 70.00 | - | 70.00 | |
| **4.3.5** | **Additional requirement for KILA CHRD - (Allocation under Grant in Aid Plan )** | - | 50.00 | - | 50.00 | |
| **4.3.6** | Repair & Maintenance of Computer, Printer, UPS System & Complete Online KILA ( COKILA) software for office automation / Complete online KILA and Sub centers | - | 50.00 | - | 50.00 | |
| **4.4** | **Urban Chair - Contribution from Urban Local Bodies** | - | 145.04 | - | 145.04 | Expected contribution from ULBs |
| | ***Sub Total (D)*** | ***1,584.11*** | ***2,525.04*** | ***1,493.00*** | ***2,025.04*** | |
| | | | | | | |
| **5** | **Capital Income(E)** | | | | | |
| **5.1** | **Infrastructure Development** | | | - | | |
| 5.1.1 | Up gradation of infrastructure & facilities at various centers of KILA | - | 160.00 | - | 160.00 | Expected Grant for Infrastructure Development for 2024-25 Rs.920 Lakhs |
| 5.1.2 | Septage treatment Plan | - | 216.00 | - | 216.00 | |
| 5.1.3 | Making KILA a solar campus | - | 75.00 | - | 75.00 | |
| 5.1.4 | Construction of Inter national Hostel Block at KILA- Thaliparamba Campus.Total project cost is ₹1200.00 lakh, ₹390.00 lakh allocated for the first year. | - | 400.00 | - | 400.00 | |
| 5.1.5 | Purchase of laptops (as part of increased online training requirement) | - | 7.00 | - | 7.00 | |
| 5.1.6 | Purchase of computers, Campus wifi in KILA | - | 57.00 | - | 57.00 | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | HQ, Purchase of transformer and installation | | | | | |
| 5.1.7 | Interactive Classroom with Video conference facility and purchase of HD Videoconferencing camera | - | 5.00 | - | 5.00 | |
| 5.1.8 | Resumed Fund refunded by GoK (Grant in Aid Plan KILA) | - | 1,493.97 | - | | |
| 5.1.9 | Grant-in-Aid Plan erstwhile ETCs | | | | 150.00 | Expected Grant-in-Aid Plan 2024-25 |
| 5.1.9 | Contributions for Construction of Women Hostel Kottarakkara Centre-( from Block Panchayaths) | 91.86 | 147.05 | 10.41 | 131.07 | Expected contributions from Block Panchayath for the construction of women's hostel at Kottarakara Centre(152 blocks @ Rs.3 Lakhs total Rs.456 lakhs out of which Rs.324.93 was received and balance due is Rs.131.07 lakhs ) |
| | ***Sub Total(E)*** | ***91.86*** | ***2,561.02*** | ***10.41*** | ***1,201.07*** | |
| | | | | | | |
| **6** | **Other Fund (F)** | | | | | |
| 6.1 | KILA General Provident Fund | 12.03 | 13.23 | 8.59 | 15.22 | KILA GPF -Employee contribution |
| 6.2 | KILA Pension | 28.51 | 31.36 | 115.66 | 36.07 | KILA Pension fund - Employer contribution |
| | ***Sub Total(F)*** | ***40.54*** | ***44.59*** | ***124.25*** | ***51.28*** | |
| | | | | | | |
| | ***GRAND TOTAL INCOME (A+B+C+D+E+F)*** | ***13,542.87*** | ***25,722.69*** | ***11,730.64*** | ***20188.34*** | |
| | | | | | | |
| **7** | **Revenue Expenses(G)** | | | | | |
| **7.1** | **Administration Expenses:-** | **712.84** | **1,123.41** | **666.63** | **1,124.68** | |
| 7.1.a | Pay & Allowance- HQ | 347.87 | 734.20 | 421.93 | 739.66 | Provision for Salary, ,daily wages, EPF /NPS/Pension Contribution,Pay revision Arrears, FA & Bonus etc- KILA HQ & |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | | | | | | Agali centre including pay rivision arrear |
| 7.1.b | Contribution to pension fund (20% of income from Training programme) | 70.00 | 50.00 | 35.00 | 42.00 | Remittance of pension contribution provision made during 2023-24 on income from training programme |
| 7.1.c | Pay & Allowance- Core Faculty –Kottarakkara Centre | 45.76 | 52.63 | 31.20 | 87.44 | Provision for Salary, pay revision arrear of core faculty ,TA, FA & Bonus etc of Core faculty-Kottarakkara center including pay rivision arrear |
| 7.1.d | Pay & Allowance-Other Staff –Kottarakkara Centre | 185.80 | 213.67 | 132.10 | 190.10 | Provision for Salary, daily wages,Pay revision Arrears, EPF FA & Bonus etc of non-teaching staff - Kottarakkara center including pay rivision arrear |
| 7.1.e | Travelling Allowance-HQ | 3.92 | 4.51 | 4.27 | 5.13 | Travelling Allowance-Director/Faculty/officers/ staff-KILA HQ |
| 7.1.f | Travelling Allowance-Kottarakkara Centre | 0.29 | 0.33 | 0.65 | 0.78 | Travelling Allowance-RD/Faculty/officers/ staff-Kottarakkara center |
| 7.1.g | Housekeeping Charges | 10.73 | 12.34 | 12.59 | 15.11 | Housekeeping charges-KILA HQ |
| 7.1.h | Security service charges-HQ | 26.26 | 30.19 | 26.41 | 32.00 | Provision for KILA HQ |
| 7.1.i | Audit fee | 1.46 | 1.68 | - | 1.68 | Provision of Audit fee |
| 7.1.j | Advertisement Charges | 7.02 | 8.07 | 0.98 | 3.00 | Expected Advertisement expenses |
| 7.1.k | Legal charges | 8.90 | 10.23 | 1.49 | 1.79 | Expected Legal expenses |
| 7.1.l | Recruitment expenses | 4.01 | 4.61 | - | 5.00 | Expected Recruitment expenses |
| 7.1.m | Consultancy Fee/ Licence fee | 0.83 | 0.96 | - | 1.00 | Expected expenses for Fees |
| | | | | | | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| **7.2** | **Office Expenses:-** | **59.56** | **65.52** | **84.97** | **100.37** | |
| | **KILA HQ** | | | | | |
| 7.2.a | Electricity charges & Water Supply | 17.54 | 19.29 | 22.74 | 25.02 | Expected Expenses of electricity & water charges |
| 7.2.b | Vehicle Maintenance & Fuel Charge | 9.23 | 10.15 | 6.24 | 6.87 | Expected Expenses of maintenance of vehicle & fuel charges |
| 7.2.e | Postage , Telephone & Miscellaneous | 14.98 | 16.48 | 13.69 | 16.43 | Provision for Postage & telephone |
| 7.2.f | GC/EC Meeting expenses | 0.03 | 0.04 | 0.71 | 0.85 | Provision for sitting fee and T A to members of GC and other refreshment expenses |
| 7.2.g | Ladies Hostel - Rent Building(KSHB) | - | - | 17.51 | 21.01 | Provision for hostel rent |
| 7.2.h | Ladies Hostel- Support Staff Wages(KSHB) | - | - | 2.22 | 2.66 | Provision for hostel wages to support staff |
| | **KILA Agali Centre** | | | | | |
| 7.2.i | Electricity Charges | 2.83 | 3.11 | 4.24 | 5.09 | Expected expenditure for electricity charges |
| 7.2.j | Telephone Charges | 1.02 | 1.12 | 0.12 | 0.15 | Provision for telephone charges |
| 7.2.k | Office Expenses | 7.04 | 7.74 | 10.45 | 12.94 | Provision for the Office expnses |
| | **KILA Kottarakkara Centre** | | | | | |
| 7.2.l | Printing & Stationary | 0.12 | 0.13 | 0.34 | 0.41 | Provision for printing & stationary |
| 7.2.m | Telephone /Postage Charges | 0.03 | 0.04 | 0.05 | 0.06 | Provision for telephone charges |
| 7.2.n | Electricity charges & Water Supply- Kottarakkara center | 4.77 | 5.24 | 6.59 | 8.82 | Provision for Electricity & Water charges |
| 7.2.o | Advertisement Expenses | 1.98 | 2.18 | 0.07 | 0.09 | Provision for advertisement charges |
| | | | | | | |
| **7.3** | **Training Expenses** | **291.82** | **321.00** | **206.21** | **258.54** | |
| | **KILA HQ** | | | | | |
| 7.3.a | Cable connection charges | 2.77 | 3.05 | 2.88 | 3.45 | Provision for cable connection charges |
| 7.3.b | Honorarium TA | 6.23 | 6.85 | 7.00 | 8.40 | Provision for meeting Honorarium & TA expenses |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 7.3.c | Mess expenses | 37.21 | 40.93 | 40.00 | 48.00 | Provision for meeting mess expenses |
| 7.3.d | Photo | 1.38 | 1.52 | 1.70 | 2.04 | Expected expenditure for Photo charges |
| 7.3.e | Washing charges | 7.67 | 8.44 | 9.44 | 11.33 | Provision for Washing charges |
| 7.3.f | Vehicle charges | 11.13 | 12.25 | 12.50 | 13.00 | Expected expenditure for vehicle charges |
| 7.3.g | Journal expenses | - | - | - | 1.00 | Provision for printing charges of journal |
| 7.3.h | Printing & Stationary | 1.96 | 2.15 | 5.41 | 6.49 | Provision for printing & stationary |
| 7.3.j | Bed Sheet, Pillow Cover, banner,Mineral Water etc. | 1.49 | 1.64 | 1.42 | 3.70 | Expected expenditure for purchasing bed sheet & pillow cover |
| 7.3.k | Field Visit Expenses | 9.16 | 10.08 | 12.16 | 14.59 | Expected expenditure for field visits |
| 7.3.l | Training Materials | 16.55 | 18.20 | 18.07 | 21.69 | Provision for the expense of training expense |
| 7.3.m | Exposure Visit/ programme expense | 39.53 | 43.48 | 3.00 | 3.60 | Expected expenditure for Exposure visit |
| | **KILA Kottarakkara centre** | | | | | |
| 7.3.n | Honorarium and T.A | 2.91 | 3.20 | - | 3.30 | Provision for meeting Honorarium & TA expenses |
| 7.3.o | Cable Connection Charges | 0.18 | 0.20 | - | 0.30 | Provision for cable connection charges |
| 7.3.p | Cleaning Expenses-Hostel | 2.50 | 2.75 | - | 2.90 | Expected expenditure for meeting cleaning expenses of hostel |
| 7.3.q | Mess Expenses | 26.13 | 28.74 | 5.60 | 6.72 | Provision for meeting mess expenses |
| 7.3.r | Off campus training Expenses | 5.06 | 5.56 | 37.92 | 45.51 | Expected expenditure for Off campus training expenses |
| 7.3.s | MoRD Supported Training Programme Expenses/Online Training expenses CHRD | 119.96 | 131.96 | 49.12 | 62.53 | Expected expenditure for MoRD supported Training Programmes |
| | | | | | | |
| **7.4** | **Other Expenses** | **147.17** | **299.90** | **196.67** | **381.61** | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | **KILA -HQ** | | | | | |
| 7.4.a | Bank Charges | 2.65 | 2.70 | 2.72 | 3.27 | Provision for bank charges |
| 7.4.b | Building Tax & water charges | 0.58 | 3.04 | 0.18 | 0.22 | Provision for remitting building tax & water charges |
| 7.4.c | Membership fee & Mementos | 0.08 | 0.67 | 0.07 | 0.08 | Provision for meeting membership fee & purchasing memento |
| 7.4.d | Newspaper and Periodicals | 2.44 | 0.09 | 1.61 | 1.93 | Provision for purchasing newspaper & periodicals |
| 7.4.e | Repairs & Maintenance | 29.00 | 2.81 | 32.03 | 38.64 | Provision for meeting repair & maintenance |
| 7.4.f | KILA campus maintenance-including Subiksha Keralam | 7.34 | 27.30 | 7.14 | 8.57 | Provision for meeting expenses of KILA campus maintenance/Subhiksha Keralam/ One crore trees KILA component |
| 7.4.g | Accredited Agencies Expenses | 0.63 | 7.50 | - | 0.70 | For Accredited Agencies Expenses |
| 7.4.h | Exhibition | 2.93 | 0.73 | 4.01 | 4.81 | For conducting exhibition |
| 7.4.i | Inspection Fee/Documentation | 2.05 | 3.00 | 3.43 | 4.12 | Provision for payment of Electrical inspection fee |
| 7.4.j | KILA Day/Covid 19 expenses/Panchayath Day/ Inuaguration Expense/Asset Mapping Expense | 10.58 | 10.60 | 5.50 | 10.00 | Conducting KILA Day/Panchayat Day etc. expenditure provision for 2024-25 |
| 7.4.k | Uniform | 1.35 | 2.10 | 0.29 | 0.35 | Provision for the payment of Uniform |
| | **KILA Kottarakkara Centre** | | | | | |
| 7.4.l | Fuel vehicle | 6.77 | 1.55 | 5.62 | 6.74 | Provision to purchase Fuel to vehicles |
| 7.4.m | Insurance Vehicle/Vehicle Tax | 0.94 | 7.78 | 0.28 | 0.33 | Provision for remitting Vehicle Insurance |
| 7.4.n | Repair & maintenance Vehicle | 3.11 | 1.09 | 1.93 | 2.31 | Provision for meeting Repair & maintenance of Vehicle |
| 7.4.o | Repair & maintenance Equipment | 1.06 | 3.58 | 1.10 | 1.32 | Provision for Repair & maintenance of Equipment |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 7.4.p | Repair & maintenance Others | 1.00 | 1.21 | 1.39 | 1.67 | Provision for Repair & maintenance Others |
| 7.4.q | Repair & maintenance Building | 0.64 | 1.15 | 0.64 | 0.77 | Provision for Repair & maintenance Building |
| 7.4.r | Campus maintenance - Subiksha Keralam | 3.12 | 2.33 | 0.22 | 1.96 | Provision for meeting campus maintenance/Subhiksha Keralam/ One crore trees KILA component |
| | **KILA Agali Centre** | | | | | |
| 7.4.s | Repair & maintenance | 0.40 | 1.99 | 0.37 | 0.44 | Provision for Repair & maintenance - Furniture, Electrical / Electronic / Plumbing Equipment etc |
| 7.4.t | Daily Wage | 20.67 | 12.16 | 18.95 | 22.75 | Provision for Daily Wage |
| 7.4.u | Security Service Charges | 10.18 | 23.77 | 7.67 | 9.20 | Provision for Security Service Charges |
| 7.4.u | News Paper & Periodicals | 0.09 | 0.11 | 0.07 | 0.08 | Provision for purchasing News Paper & Periodicals |
| **7.5** | **Recurring Expenses** | | | | | |
| | **KILA CSED Kottarakkara** | | | | | |
| 7.5.a | Office Expenses | 3.34 | 2.84 | 0.16 | 3.00 | Provision for the payment of office expenses |
| **7.6** | **KILA Mannuthy** | - | | | | |
| 7.6.a | Office Expenses | 8.38 | 9.56 | 4.04 | 13.65 | Provision for the payment of office expenses |
| **7.7** | **KILA Thalipparamba** | | | | | |
| 7.7.a | Office Expenses | 8.13 | 9.26 | 30.32 | 42.59 | Provision for the payment of office expenses |
| **7.8** | **IPPL_PG Course Expense** | **19.72** | **160.98** | **66.92** | **202.10** | Expected Expenditure for KILA IPPL_Project |
| | **University Related** | **0.17** | **2.18** | **6.58** | **7.90** | |
| 7.8.a | IPPL Application cum processing fee/Professional Affiliation fee | 0.11 | 1.18 | 3.71 | 4.45 | Provision for Admission Fee |
| 7.8.b | IPPL Matriculation Fee/Administration Fee | 0.06 | 1.00 | 2.87 | 3.44 | Provision for Matriculation Fee |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | **Backgroud Development** | **4.03** | **41.10** | **41.45** | **49.74** | |
| 7.8.c | IPPL Advt Charges/Printing charges | 0.64 | 1.60 | 0.25 | 0.30 | Provision for Advt Charges |
| 7.8.d | IPPL_Cleaning Expense | 1.48 | 6.50 | 7.33 | 8.79 | Provision for Cleaning Expense |
| 7.8.e | Director IPPL | - | 3.00 | 5.36 | 6.43 | Provision for the salary and Other Expenses of Director |
| 7.8.f | IPPL Faculty Accomodation & Travel | 0.52 | 10.00 | 13.44 | 16.13 | Provision for Faculty Accomodation |
| 7.8.g | Library Development | | 10.00 | 7.26 | 8.71 | Provision for Library Development |
| 7.8.h | IPPL _Office Expenses/Other Facilities | 1.40 | 10.00 | 7.81 | 9.37 | Provision for Office Expenses |
| | **Course Related** | **15.52** | **47.70** | **18.89** | **69.47** | |
| 7.8.i | TA & Honorarium to resource Persons/KILA Faculty/Teachers/Lecturers | 15.52 | 47.70 | 18.89 | 69.47 | Provision for Faculty Remuneration and TA |
| **7.9** | **International Centre for Leadership Srudies Kerala** | - | **70.00** | - | **75.00** | |
| 7.9.a | Head of the Centres | - | 21.00 | - | 22.00 | Provision for meeting the expense of head of centres |
| 7.9.b | Experts | - | 24.00 | - | 25.00 | Provision for meeting the expense of Experts |
| 7.9.c | Local Logistics/ Facilities | - | 25.00 | - | 28.00 | Provision for meeting the expense logistics |
| **7.10** | **Depreciation** | 269.30 | - | - | - | |
| | **Sub Total Revenue Expense (G)** | **1,480.69** | **1,809.84** | **1,154.47** | **1,865.21** | |
| | | | | | | |
| **8** | **Project Expenses/ Central Assistance Expenses(H)** | | | | | |
| 8.1 | Other Scheme Expenses-Kottarakkara Centre | 51.68 | 20.00 | - | 6.37 | Programme expenditure of PMAY/BFT/Rurban Fund/NIRD & Other Projects-etc-Kottarakkara Centre |
| 8.2 | Rashtreeya Gram Swaraj Abhiyan - Central Govt.-(RGSA) | 1,730.95 | 10,062.00 | 2,106.44 | 6,014.00 | Proposed Utilisation of RGSA fund |
| 8.3 | MoPR -Evaluation Study of Incentivization of Panchayats scheme | - | 4.03 | - | 4.03 | Proposed expenditure |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 8.4 | Project - District Plan comparison - MoPR | 21.22 | - | - | - | Project Completed |
| 8.5 | MoPR Study- Present Status Rural LGS in Non Part IX areas of the Country | 10.38 | 3.08 | - | 3.08 | Proposed expenditure |
| 8.6 | Project - Mahila Kissan Sasaakthikaran Abhiyaan-MKS | 227.57 | - | 594.37 | - | Project Completed |
| 8.7 | MoPR -Study on Development of Human Resources in Panchayats | 3.74 | 6.16 | 11.66 | - | Project Completed |
| 8.8 | KILA KIIFB - PMU Expense - | 352.22 | 937.41 | 370.47 | 450.00 | Expected Epxnciture for KILA PMU (1Cr & 3Cr) |
| 8.9 | Project - TQM ISO | 52.18 | 120.00 | 77.42 | 104.15 | Proposed expenditure |
| 8.10 | Project - Suchitwa Mission- Swachh Bharath Mission | 21.09 | - | - | - | Project Completed |
| 8.11 | Project -KSDMA-Project LG DM Plan | 31.45 | 55.00 | 32.54 | 60.00 | Proposed expenditure |
| 8.12 | Project Disaster Management | 0.55 | - | - | - | Project Completed |
| 8.13 | Department of Urban Affairs/Performance Audit | 3.37 | 10.00 | - | 10.00 | Proposed expenditure |
| 8.14 | 25 Years-PPC-Sangamam | 12.98 | 71.20 | 59.56 | 11.84 | Proposed expenditure |
| 8.15 | Project - Asset Management | 0.03 | - | - | - | Project Completed |
| 8.16 | Project NCRMP | - | - | 3.62 | - | Project Completed |
| 8.17 | Project Women & Child Development | - | 4.80 | 7.69 | - | Project Completed |
| 8.18 | Rebuild of Kerala Initiative- Kerala Climate Resilient Programme-Programme for Results | - | 851.74 | 256.93 | 865.48 | Proposed expenditure |
| 8.19 | SPIU-National Cyclone Risk Mitigation Project II | 36.01 | - | - | - | Project Completed |
| 8.20 | KDISC - Onle Local Governments One Idea | 130.79 | 195.96 | 59.02 | 200.00 | Proposed expenditure |
| 8.21 | Hackathon - GoK | - | 89.00 | - | - | Project Completed |
| 8.22 | Project One Health | 22.45 | 0.75 | 2.26 | - | Project Completed |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 8.23 | Lead Agnecy for conducting Training Need Assessment and delivery of Training programmes - KSWMP | - | 122.79 | 6.46 | 123.01 | Proposed expenditure |
| 8.24 | Project - GIZ | 3.86 | - | 7.92 | - | Project Continuing |
| 8.25 | Project - UNEP ecosystem based Disaster Risk Reduction(Eco- DRR) | 5.82 | - | - | - | Project Completed |
| 8.26 | UNDP - GoI - GEP - IHRML Project | 7.57 | - | - | - | Project Completed |
| 8.27 | Project UNICEF - Localising SDG for Child Rights | 47.75 | - | - | - | Project Completed |
| 8.28 | Project UNICEF -Child Budgeting Karanataka | 9.18 | - | - | - | Project Completed |
| 8.29 | Strenghthening Child Friendly Local Governance in Kerala - UNICEF/UNICEF_Training Sanitation Workers on Safety and Dignity in Kerala | - | 39.31 | 48.34 | 44.61 | Proposed expenditure |
| 8.30 | Up-Scaling Community Resilience-EcoDRR UNEP | 48.72 | - | 10.39 | - | Project Completed |
| 8.31 | Assam Society for Comprehensive Financial Management System | 21.32 | 56.05 | 0.66 | 36.80 | Proposed expenditure |
| 8.32 | Project NIUA-KILA Project ITCN | 6.98 | - | - | - | Project Completed |
| 8.33 | Mayors SDG Fellowship | - | - | 12.80 | - | Project Completed |
| 8.34 | SDG- UNICEF_ Support to State Govt- Tamilnadu | - | - | 6.13 | - | Project Completed |
| 8.35 | Climate Down Scaling for Risk Informed Planning(CDSRIP)14.77 Cr for 3 Years | - | - | - | 492.00 | Proposed expenditure |
| | **Sub Total Project expense (H)** | **2,859.83** | **12,649.28** | **3,674.68** | **8,425.37** | |
| | | | | | | |
| **9** | **Advances/sundry Debtors (I)** | **388.49** | | **153.36** | | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| **10** | **State Plan - (Non-Capital Expenses) (J)** | | | | | |
| 10.1 | **Capacity Building Programmes** | | | | | |
| 10.1 a | Capacity Building Programmes for Strengthening Decentralization and Local Governments in Kerala 2023-24 | - | 590.10 | - | | |
| 10.1 a | Capacity Building Programmes for Strengthening Decentralization and Local Governments in Kerala | 1,157.75 | 1,600.00 | 310.04 | 1,235.00 | Provision for Capability development programme expenses for current year allocation based on the training calendar - Plan Fund |
| 10.1 b | State Resource Group and Strengthening Help Desk System | 267.71 | 300.00 | 106.91 | 200.00 | Provision utilisation of current year allocation - Plan Fund |
| 10.1 c | Virtual Learning System | - | 41.00 | - | 20.00 | Expected expenditure for Distance Learning programme ,MOOC, Learning Hub at museum, videos and tools for virtual learning & training without trainer etc-current year budget provision - Plan Fund |
| 10.1 d | Area development Programme | 30.00 | 30.00 | 2.63 | 30.00 | Expected expenditure for programmes - Development initiatives in the state at the local level /convergence at area levels etc -current year budget provision - Plan Fund |
| 10.1 e | International & National Seminars and Workshops | 50.00 | 50.00 | | 50.00 | Expected expenditure for International & national seminars & workshops - Plan Fund |
| **10.2** | **Research, Studies & Evaluation** | 30.00 | 30.00 | 24.20 | 30.00 | Proposed expenses for the research programmes in selected areas related |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| | | | | | | to Local Governance & Decentralization-current year budget provision - Plan Fund |
| **10.3** | **Documentation, Dissemination and Knowledge Management** | | | | | |
| 10.3 a | Documentation of good practices | - | 10.00 | - | 10.00 | Expected expenditure for the documentation of innovative & replicable initiatives-current year budget provision - Plan Fund |
| 10.3 b | Seminars & workshops | 50.00 | 50.00 | 28.18 | 36.00 | Expected expenditure for organizing workshops to receive fresh perspectives , develop new ideas etc in Local Governance & Decentralization-current year budget provision - Plan Fund |
| 10.3 c | Up gradation of KILA Journal of Local Governance | - | 4.00 | - | 4.00 | Expected expenditure for the upgrading journal to an international level-current year budget - Plan Fund |
| **10.4** | **Institutional Strengthening** | | | | | |
| 10.4 a | Development of centers handed over to KILA | 42.23 | 75.00 | 65.19 | 75.00 | Expected expenditure for Specialized center wise training, programmes and management expenses incurred for various centers handed over to KILA - Plan Fund |
| 10.4 b | Up gradation of Library , e Library & Information system development | 10.53 | 15.00 | 13.39 | 15.00 | Expected expenditure for developing Library as Resource center on Local Governance including digital -current year budget - Plan Fund |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 10.4 c | Faculty & Staff Improvement programme | - | 5.00 | - | 5.00 | Expected expenditure for Up gradation of the knowledge & skill of faculty & staff of KILA-current year budget - Plan Fund |
| 10.4 d | Initiating various thematic centers/chairs/hubs | 24.77 | 70.00 | 5.84 | 70.00 | Expected expenditure for establishing various Thematic Centers, Hubs, Chair etc in KILA - current year budget |
| 10.4 e | Additional requirement for KILA CHRD | 50.00 | 50.00 | 50.00 | 50.00 | Provision for meeting additional expenses of KILA CHRD considering the decrease in Central Grant - Plan Fund |
| 10.4 f | Repair & Maintenance of Computer, Printer, UPS System & Complete Online KILA ( COKILA) software for office automation / Complete online KILA and Sub centers | 42.68 | 50.00 | 11.52 | 50.00 | cost for the maintenance of software & hardware up gradation, internet facility, lease line and for the implementation of COKILA software in all centers of KILA to become paperless office-Utilisation of previous year allocation - Plan Fund |
| 10.4g | Research on Post Covid - Socio Economic Impact & Local Governace | - | 25.00 | - | - | Provision for research - met from KILA Fund |
| 10.4 h | Thadheshakam Portal | - | 35.00 | - | - | Provision for development of Thadheshakam Portal |
| | **Sub Total - Non-Capital Expenses(J)** | **1,755.67** | **3,030.10** | **617.90** | **1,880.00** | |
| | | | | | | |
| **11** | **Capital Expenses - Development of Infrastructure (K)** | | | | - | |
| 11.a | Furniture/Rack /Printer/LCD etc - KILA and 5 Centers | - | 60.00 | - | - | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 11.b | Maintanace of Guest Houses KILA HQ | - | 20.00 | - | - | |
| 11.c | Maintanace of Guest Houses 5 Centers of KILA | - | 50.00 | - | - | |
| 11.d | Quality Assurance Lab KILA HQ and 2 centers | 8.13 | 21.87 | - | - | |
| 11.e | Purchase of new computers & printers for KILA main campus & centers | 1.55 | - | - | - | |
| 11.f | Surveillance Camera | - | 10.00 | - | - | |
| 11.g | Up gradation of infrastructure & facilities at various centers of KILA | - | 160.00 | - | 160.00 | Provision for improving basic infrastructure facilities at KILA, KILA CHRD, TD & NRM Center Agali, ETC Thaliparampa, CSED Kottarakara, CGG Mannuthy - Plan.Fund |
| 11.h | KILA Kottarakkara Centre | - | - | - | - | |
| 11.i | Procurement of multi functional colour Printer and high speed wired wireless network document scanner | - | 30.76 | - | | |
| 11.k | Septage treatment Plan | - | 216.00 | - | 216.00 | Nature based Septage Treatment Plant - Plan Fund |
| | **Alternate Energy Sources** | | | | | |
| 11.l | Making KILA a solar campus | - | 75.00 | - | 75.00 | Greener and more eco-friendly campus- Plan Fund |
| 11.m | Construction of International Hostel Block at KILA- Thaliparamba Campus.Total project cost is ₹ 1200.00 lakh, ₹ 390.00 lakh allocated for the first year.( including road, gate etc..) | - | 400.00 | - | 400.00 | International Hostel Block- Plan Fund |
| 11.n | Purchase of laptops (as part of increased online training requirement) | - | 7.00 | - | 7.00 | 6 nos. of Laptop computers for class rooms- Plan Fund |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 11.o | Purchase of computers, Campus wifi in KILA HQ, Purchase of transformer and installation | - | 57.00 | - | 57.00 | Purchase of computer, Generator and Wifi at KILA HQ and its installation - plan Fund |
| 11.p | Interactive Classroom with Video conference facility and purchase of HD Videoconferencing camera | - | 5.00 | - | 5.00 | Conversion of class rooms of KILA to Interactive mode - Plan Fund |
| | **Sub Total K (a)** | **9.68** | **1,112.63** | - | **920.00** | |
| | | | | | | |
| **11.1** | **Infrastructure Development activities carried on with PY allotment** | | | | | |
| 11.1.a | Renovation of KILA-Tribal Development & Natural Resource Management Centre- Agali | - | 65.00 | - | - | |
| 11.1.b | Repairs & Maintenance of existing Auditorium | 80.63 | 83.39 | - | - | |
| 11.1.c | Renovation & Extension of existing Kitchen & up gradation of kitchen Equipment & Dining Hall | 20.30 | 11.83 | - | - | |
| 11.1.d | Truss Work over Admin block & SAS Building & Library Building | - | 27.00 | - | - | |
| 11.1.e | Office Automation at KILA- TD & NRM centre & KILA- Human resource Development Centre- Kottarakkara | - | 99.26 | - | - | |
| 11.1.f | Setting up of computer lab - KILA | - | 60.00 | - | - | |
| | **Water Supply & sanitation** | | | | - | |
| 11.1.g | Construction of new water tanks | - | 31.00 | - | - | |
| 11.1.h | Resumed Fund by GoK (Grant in Aid Plan KILA) | 1,493.97 | - | - | - | |

| Sl No. | Particulars | Audited Accounts 2022-23 | Budget Estimate 2023-24 | Provisional Accounts 2023-24 | Budget Estimate 2024-25 | Remarks for budget estimate 2024-25 |
|---|---|---|---|---|---|---|
| 11.1.g | Maintenance & Development activities of erstwhile ETCs | | | | 150.00 | |
| | **Sub total K(b)** | **1,594.90** | **377.48** | - | **150.00** | |
| **12** | **Construction of new women's hostel- K ( c)** | **147.80** | **401.60** | **121.42** | **131.07** | Expected construction cost |
| **13** | **Urban Chair Expenses- K (d )** | - | **50.00** | **33.32** | **70.00** | Expected expenses for Urban Chair Salary and other expenses |
| **14** | **Urban Policy commission K (f)** | | | | **350.00** | |
| **15** | **Acquisition of Land- K ( f )** | - | **2,302.17** | - | **2,340.68** | Proposed to be utilized for the acquisition of 9 acres of land. |
| **16** | **Sub Total Capital Expenses - Development of Infrastructure (K) = K(a)+K(b) + K (c)+ K (d)+ K ( e)+K (f)** | **1,752.38** | **4,243.88** | **154.74** | **3961.75** | |
| **17** | **Excess of Income over Expenditure (L)** | (210.33) | (0.01) | 0.00 | (0.00) | |
| **18** | **Closing Balance(M)** | 6,293.11 | **3,989.59** | **6,282.20** | **4,055.72** | |
| | ***GRAND TOTAL (G+H-I+J+K+L+M)*** | ***13,542.87*** | ***25,722.69*** | ***11,730.64*** | ***20,188.34*** | |

2024–25 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് 29.02.2024 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം വിശദമായി ചർച്ച ചെയ്യുകയും നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബജറ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയത് ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തു.

വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം – 2 )

**തീരുമാനം**

**എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ സമർപ്പിച്ച 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള കിലയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവേണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.**

## ഐറ്റം നമ്പർ : 04
## ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

കിലയുടെ മെമ്മൊറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

2020-21 മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പ്രതിവർഷം 75,000 രൂപ ഓഡിറ്റ് ഫീ നിരക്കിൽ M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനമാണ് കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തി സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് ,റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടുള്ളത് . മൂന്ന് വർഷം കഴിഞ്ഞതിനാൽ പുതുതായി ഓഡിറ്റേഴ്സ് പാനൽ ശേഖരിക്കുകയും ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| Name of Firm | Varma & Varma | C A Rajesh M | M/s Ashok Chhajed Associates | Sasi Vijayan & Rajan |
|---|---|---|---|---|
| **Constitutoion** | Partnership | Proprietorship | Partnership | Partnership |
| **Date of Establishment** | 01-07-1949 | 11-07-2018 | 11-12-1984 | 02-08-1984 |
| **Years of Experience** | 75 | 6 | 40 | 40 |
| **No.of qualified Partners** | 30 | 1 | 12 | 5 |
| **Amount Quoted** | 118000 | 100000 | 88500 | 88500 |
| **Head Office** | Ernakulam | Thrissur | Ahemadabad | Thrissur |

ഓഡിറ്റേഴ്സ് പാനൽ ശേഖരിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി Sasi Vijayan & Rajan ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ 88,500/-രൂപ നിരക്കിൽ (GST ഉൾപ്പടെ) നിയമിക്കുന്നതിന് 29.02.2024 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തു.

Sasi Vijayan & Rajan ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ നിയമിക്കുന്നതിനുള്ള അംഗീകാരത്തിനായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**2023-24 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. Sasi Vijayan & Rajan ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ 88,500 രൂപ നിരക്കിൽ (GST ഉൾപ്പടെ) നിയമിക്കുന്നതിന് ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

## ഐറ്റം നമ്പർ : 05

**സംയോജിത കിലയുടെ എച്ച് ആർ പോളിസി കിലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്..**

സംയോജിത കിലയുടെ പുതിയ എച്ച് ആർ പോളിസി 17/11/2021 തിയ്യതിയിലെ കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യവകുപ്പ്, നിയമ വകുപ്പ്, പി & എ.ആർ.ഡി തുടങ്ങിയ വകുപ്പുകളുടെ പരിശോധനകൾക്കും നിർദേശങ്ങളെ തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മേൽ വകുപ്പുകളുമായി ചർച്ച ചെയ്തതിന് തുർന്ന് സംയോജിത കിലയുടെ എച്ച് ആർ പോളിസിക്ക് സർക്കാർ അംഗീകാരം ലഭ്യമായിരിക്കുകയാണ്. 16/02/2024 തിയ്യതിയിലെ LSGD-IB2/48/2021-LSGD നം കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ള എച്ച്.ആർ പോളിസി കില ഗവേണിംഗ് കൌൺസിലിന്റെ അന്തിമ അംഗീകാരത്തിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. **(അനുബന്ധം-3)**

മേൽ സാഹചര്യത്തിൽ സർക്കാർ അംഗീകരിച്ച സംയോജിത കിലയുടെ എച്ച് ആർ പോളിസി 29.02.2024 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**സംയോജിത കിലയുടെ എച്ച്.ആർ. പോളിസി സർക്കാർ പരിഗണിച്ച് 16/02/2024 തിയ്യതിയിലെ LSGD-IB2/48/2021-LSGD നം കത്ത് പ്രകാരം അംഗീകരിച്ച മാറ്റങ്ങൾ കൂടി ഗവേണിംഗ് കൗൺസിൽ ചർച്ച ചെയ്ത് വിലയിരുത്തി. അതോടൊപ്പം staff structure of the Institute ( എച്ച് .ആർ പോളിസി. ഖണ്ഡിക 2.3) എന്ന പട്ടികയിലെ താഴെ ചേർക്കുന്ന മാറ്റങ്ങൾ കൂടി ഉൾപെടുത്തി എച്ച്.ആർ പോളിസി അംഗീകരിച്ചു (അനുബന്ധം-3)**

1. **കിലയിൽ നിലവിലുള്ള അംഗീകരിച്ച തസ്തികകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനുള്ള കോളവും, ആയതിന്റെ സർക്കാർ ഉത്തരവ് രേഖപ്പെടുത്തുന്ന കോളവും കൂട്ടി ചേർത്തു.**
2. **Column 1 ൽ രേഖപ്പെടുത്തിയിരുന്ന സീരിയൽ നമ്പറുകളുടെ തെറ്റുകൾ തിരുത്തി ശരിയായ ക്രമത്തിൽ നമ്പറുകൾ രേഖപ്പെടുത്തി. ആയതിനനുസൃതമായി Method of Appointment എന്ന ശീർഷകത്തിലുള്ള കോളത്തിലും ആവശ്യമായ തിരുത്തൽ വരുത്തി.**
3. **സർക്കാർ അംഗീകരിച്ച് നൽകിയ staff structure പട്ടികയിൽ സീരിയൽ നമ്പർ 40 ആയി രേഖപ്പെടുത്തിയിരുന്ന ട്രെയിനിംഗ് കോർഡിനേറ്റർ തസ്തിക സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികയല്ലാത്തതിനാൽ ഈ പട്ടികയിൽ നിന്ന് ഒഴിവാക്കി. എന്നാൽ കിലയിലെ നിലവിലുള്ള രണ്ട് അംഗീകൃത തസ്തികയായ Electrician cum Audio Visual Assistant എന്നത് സർക്കാർ അംഗീകരിച്ച് നൽകിയ staff structure പട്ടികയിൽ ഉണ്ടായിരുന്നില്ല ആയത് സീരിയൽ നമ്പർ 40 ആയി ഉൾപ്പെടുത്തി.**
4. **സർക്കാർ അംഗീകരിച്ച് നൽകിയ staff structure പട്ടികയിൽ സീരിയൽ നമ്പർ 06 ആയി രേഖപ്പെടുത്തിയിട്ടുള്ള System Administrator തസ്തികയുടെ Mode of Appointment ,Methode of Appointment എന്നീ കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തിയിരുന്നില്ല .ആയത് Direct Recruitment ,Open Selection എന്നിങ്ങനെയായി അനുബന്ധ കോളങ്ങളിൽ തിരുത്തൽ വരുത്തി.**

5. സർക്കാർ അംഗീകരിച്ച് നൽകിയ staff structure പട്ടികയിൽ Age limit for Direct recruitment എന്ന ശീർഷകത്തിലുള്ള കോളത്തിൽ സീരിയൽ നമ്പർ 10, 15 b, എന്നിവ Promotion തസ്തികകൾ ആയതിനാൽ പ്രസ്തുത കോളത്തിൽ രേഖപ്പെടുത്തിയിരുന്ന ഉയർന്ന പ്രായപരിധി ഒഴിവാക്കി.
6. സർക്കാർ അംഗീകരിച്ച് നൽകിയ staff structure പട്ടികയിൽ സീരിയൽ നമ്പർ 39. ലൈബ്രറി അറ്റന്റന്റ് എന്ന തസ്തികയിൽ Qualification എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരുന്ന യോഗ്യതകൾ Method of Appointment എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയതിനനുസൃതമായി തിരുത്തൽ വരുത്തി.

എച്ച് ആർ പോളിസി നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

## ഐറ്റം നമ്പർ - 6

**കിലയുമായി കൂട്ടിച്ചേർത്ത മൂന്ന് മുൻ വികസന പരിശീലന കേന്ദ്രങ്ങളിലെ ഒഴിവുള്ള തസ്തികകളിലെ വിവരങ്ങൾ സംബന്ധിച്ച്**

മണ്ണുത്തി, . കൊട്ടാരക്കര, തളിപ്പറമ്പ എന്നിവിടങ്ങളിലെ മൂന്ന് മുൻ ഇടിസികളെ കിലയുമായി കൂട്ടിച്ചേർത്ത് കില - സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി, കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് കൊട്ടാരക്കര, കില-സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് തളിപറമ്പ (ടി സെന്ററിന്റെ പേര് അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം തളിപ്പറമ്പ എന്ന് പുതുക്കി ഉത്തരവായിട്ടുണ്ട്) എന്ന് പുനർനാമകരണം ചെയ്യുകയും 24/02/2021 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടി സെന്ററുകളിലെ നിലവിലുള്ള ആസ്തികളുടേയും വസ്തുവകകളുടേയും ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറേറ്റിലും പുതുതായി വാങ്ങുന്നവയുടെ ഉടമസ്ഥാവകാശം കിലയിലും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷിപ്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ടി സെന്ററുകളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ താഴെപ്പറയും പ്രകാരം സമർപ്പിക്കുന്നു.

| | | |
|---|---|---|
| | **KILA CSED KOTTARAKKARA** | |
| | **Name of Post** | **No. of Vacant Post** |
| | **Accademic position** | |
| 1. | Lecturer in Rural Engineering, | 1 |
| 2. | Lecturer in Rural Industries, | 1 |
| 3. | Lecturer Gr.I/II in Agriculture, | 1 |
| | **Administrative Position** | |
| 4. | Farm Manager, | 1 |
| 5. | Artist cum photographer, | 1 |
| 6. | Chief Instructor, | 1 |
| 7. | Physical Instructor Cum Librarian, | 1 |
| 8. | Training Officer Carpentery , | 1 |
| 9. | Training Officer Blacksmith, | 1 |
| 10. | Skilled Assistant, | 2 |
| 11. | Mechanic | 2 |
| | **TOTAL** | **13** |
| | **KILA CGG Mannuthy** | |
| | **Academic Position** | |
| 1 | Lec.in Rural Industries | 1 |
| 2 | Lec in Agriculture | 2 |
| 3 | Lec. In Animal Husbandry | 1 |
| 4 | Lec.in Rural Engineering | 1 |
| | **Administrative Position** | |
| 5 | Physical Instructor | 1 |
| 6 | Farm Supervisor | 1 |
| | **TOTAL** | 7 |

| KILA COFWM Thaliparamba | | |
|---|---|---|
| Name of Post | | No. of Vacant Post |
| | **Accademic position** | |
| 1 | Lecturer(Agri) Gr. II (Gazetted post) | 2 |
| 2 | Lecturer (AH) (Gazetted post) | 1 |
| 3 | Lecturer(R.I) (Gazetted post) | 1 |
| | **Administrative Position** | |
| 4 | Clerk | 1 |
| 5 | Farm supervisor | 1 |
| 6 | Physical instructor cum Librarian | 1 |
| 7 | Mechanic | 1 |
| 8 | Artist-cum-photographer | 1 |
| 9 | Balawady Teacher | 1 |
| 10 | Watchman | 1 |
| 11 | P.T Watchman | 1 |
| 12 | Farm Labourers | 14 |
| | **TOTAL** | **26** |

കിലയുമായി കൂട്ടിച്ചേർത്ത മൂന്ന് മുൻ വികസന പരിശീലന കേന്ദ്രങ്ങളിലെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് 30.11.2023 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊണ്ടു.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17.07.2020 തീയതിൽ സ.ഉ(കൈ)നം.106/2020/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 14ൽ " നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരേയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെയും തസ്തികളും നിലവിലെ ജീവനക്കാർ വിരമിക്കുന്നതിനുസരിച്ച് കിലക്ക് വിട്ടുകൊടുക്കേണ്ടതാണ് " എന്നാണ് പരാമർശിച്ചിട്ടുള്ളത്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഈ ഉത്തരവ് പ്രകാരം കിലയുടെ ഭാഗമായി മാറിയ സാഹചര്യത്തിൽ കാലഘട്ടത്തിനനുസരിച്ച് പുനർനാമകരണം ചെയ്യേണ്ടതുണ്ട്. CMD ഇതിനകം തന്നെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും 23.01.2019 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം തുടർനടപടികൾ എടുക്കാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അടുത്ത ഗവേണിംഗ് കൗൺസിൽ മുമ്പെ നിർദ്ദേശം സമർപ്പിക്കുവാനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ 23.01.2019 ൽ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച Staff Pattern ൽ പ്രത്യേകിച്ച് മാറ്റങ്ങൾ ആവശ്യമില്ല.

മേൽ വിഷയം ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കിലയുമായി കൂട്ടിച്ചേർത്ത മൂന്ന് മുൻ വികസന പരിശീലന കേന്ദ്രങ്ങളിലെ തസ്തികകൾ പുനർ നാമകരണം ചെയ്ത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചത് വിലയിരുത്തി. ഭാവി നടപടികൾ പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കും.**

## ഐറ്റം നമ്പർ - 7

**കിലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഏകീകരിച്ച് അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്**

കിലയിലെ ആദ്യകാല ബൈലോ പ്രകാരം ക്ലറിക്കൽ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ആണ്. ഇന്റഗ്രേഷനെ തുടർന്ന് കിലയിലെ ക്ലറിക്കൽ തസ്തിക എന്നത് 06/01/2020 ലെ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് തസ്തിക എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. സർക്കാർ വകുപ്പുകളിലെ പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രം നിശ്ചയിച്ചിട്ടുള്ള LD ക്ലർക്കിന്റെ ശമ്പള നിരക്കായ 19000-43600 ആണ് കിലയിലെ ക്ലറിക്കൽ/അസിസ്റ്റന്റ് ഗ്രേഡ് തസ്തികക്ക് അനുവദിച്ചിട്ടുള്ളത്.

ബിരുദം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെ സമാന തസ്തികകളിലെ ശമ്പള നിരക്ക് വളരെ ഉയർന്നതാണ്. സംസ്ഥാനത്തെ മറ്റൊരു പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG)-യിലെ അസിസ്റ്റന്റ് ഗ്രേഡിന്റെ യോഗ്യത ബിരുദവും ശമ്പള സ്കെയിൽ 22200-48000 ആണ് അനുവദിച്ചിട്ടുള്ളത്. അസിസ്റ്റന്റ് ഗ്രേഡിന്റെ ജോലിയും ഉത്തരവാദിത്വങ്ങളും, ചുമതലകളും സർക്കാർ സർവ്വീസിലെ LDC യേക്കാൾ വ്യത്യസ്തവും അധിക ചുമതലകൾ നിർവ്വഹിക്കേണ്ടതുമുണ്ട്. പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയുടെ ചുമതലകളും ജോലിയുടെ സ്വഭാവവും കിലയുടെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയുടേതിന് സമാനമാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് ഗ്രേഡിന് നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും ഉൾപ്പെടുത്തിയുള്ള ഒരു താരതമ്യ പട്ടിക താഴെ ചേർക്കുന്നു.

| NAME OF INSTITUTION | QUALIFICATION | ADDITIONAL QUALIFICATION FOR DECLARATION OF PROBATION | SCALE OF PAY (AS PER $10^{TH}$ PAY REVISION) |
|---|---|---|---|
| **LDC in State Govt Service** | SSLC or any other equivalent qualification | Manual of Office Procedure | 19000-43600 |
| **Assistant Grade II in KILA** | **Essential:** Degree in any discipline from recognized University<br>**Desirable:** Skills in computer<br>Proficiency and familiar with office<br>software in order to perform the job | 1) Manual of Office Procedure conducted by PSC<br>2) Account Test (Lower) conducted by PSC | 19000-43600 |

| | | | |
|---|---|---|---|
| **Assistant Grade II in IMG** | Graduation in Arts, Science or Commerce from any recognised University or Equivalent qualification | Office procedure and service rules conducted by IMG | 22200-48000 |
| **Assistant/Auditor in Government Secretariat/Kerala Public Service Commission/ Advocate General's Office (Ernakulam)/ etc** | A Degree in any faculty from a recognised University or its equivalent | Secretariat Office Manual and Account Test (Lower) conducted by PSC | 27800-59400 |
| **Assistant Grade II in KSHB** | Must possess B.A./ B.Sc/ B.Com or its equivalent Degree from a UGC recognized university | Manual of Office Procedure conducted by PSC | 22200-48000 |
| **Assistant in University** | A Degree in any faculty from a recognised University or its equivalent | Secretariat Office Manual and Account Test (Lower) conducted by PSC | 27800-59400 |

നിലവിൽ കിലയിൽ അസിസ്റ്റന്റ് ഗ്രേഡ്॥ തസ്തികയിൽ ജോലി ചെയ്തുവരുന്നവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും താഴെ ചേർക്കുന്നു

| SL No | Name of Employee | Name of Post | Qualification | Present Basic Pay (10th Pay Revision) |
|---|---|---|---|---|
| 1 | Smt. RAJANI M N | Assistant Grade II | M.Com, HDC, Tally, Office Automation | 19000-43600 |
| 2 | Smt. Bindu V K | Assistant Grade II | MA Economics B.Ed, PGDCA | 19000-43600 |
| 3 | Sri. Viju V | Assistant Grade II | B.Sc, MCA | 19000-43600 |
| 4 | Smt. Sooriyaja M.S | Assistant Grade II | M.Com | 20000-45800 |
| 5 | Smt. Shameena M | Assistant Grade II | M.com | 19000-43600 |

കിലയിലെ അസിസ്റ്റന്റ് ഗ്രേഡ്॥ തസ്തികയുടെ അടിസ്ഥാന ശമ്പള സ്കെയിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള സമാന പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികക്ക് നിശ്ചയിച്ചിട്ടുള്ള 22200–48000 എന്ന ശമ്പള നിരക്കിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. **(അനുബന്ധം – 4)**

കിലയിൽ ഓരോ വർഷവും പരിശീലനങ്ങളുടെ എണ്ണവും പരിശീലനാർത്ഥികളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും ധാരാളം പരിശീലനാർത്ഥികൾ കിലയിലെത്തിച്ചേരുന്നുണ്ട്. പരിശീലനങ്ങൾ കാര്യക്ഷമതയോടുകൂടി നടത്തുന്നതിനും അതോടൊപ്പം ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായ രീതിയിൽ നടത്തുന്നതിനും ടി ജീവനക്കാർ വലിയൊരു ഉത്തരവാദിത്തം നിർവ്വഹിക്കുന്നുണ്ട്. കില Self-Financing Mode ലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ ജീവനക്കാർക്ക് കിലയിൽ നിന്നാണ് ശമ്പളം നൽകുന്നത്. അതുകൊണ്ട് തന്നെ അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരുടെ ശമ്പള നിരക്ക് വർദ്ധനവ് കൊണ്ട് സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല എന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു.

മേൽ പ്രതിപാദിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിലയിലെ അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരുടെ ശമ്പള നിരക്ക് പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള നിരക്കായ 22200-48000 എന്നതിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാർ സമർപ്പിച്ച അപേക്ഷ 30.11.2023 ലെ കില എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. കിലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഏകീകരിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ ചെയ്തു.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കുന്നു.

**തീരുമാനം**

**കിലയിലെ അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരുടെ ശമ്പള നിരക്ക് പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള നിരക്കായ 22200-48000 എന്നതിലേക്ക് ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. സർക്കാരിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ - 8**

**കില കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്ന ശ്രീ.അജിത്ത് ആർ – ന്റെ സ്ഥിരനിയമനത്തിനായുള്ള അപേക്ഷ സംബന്ധിച്ച്**

കില കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റ് (കില കോകില) – ആയി ശ്രീ.അജിത്ത്.ആർ 2018 മെയ് മുതൽ ജോലി ചെയ്തുവരുന്നു. പ്രസ്തുത ജോലിയിൽ നിന്നും ലഭിക്കുന്ന വരുമാന മാർഗ്ഗം മാത്രമാണ് ടിയാന്റെ കുടുംബത്തിന്റെ ഏക ആശ്രയം. സ്ഥാപനത്തിന്റെ മേന്മയ്ക്കായി ആത്മാർത്ഥമായി സേവനം അനുഷ്ഠിക്കുകയാണെന്നും ഏൽപ്പിക്കുന്ന എല്ലാ ജോലികളും സമയബന്ധിതമായും കൃത്യമായും നിർവ്വഹിക്കുന്നുണ്ടെന്നും നിലവിലുള്ള സേവന കാലാവധി പരിഗണിച്ച് ടിയാന്റെ നിയമനം സ്ഥിരപ്പെടുത്തി നൽകണമെന്നുള്ള അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്.

കിലയുടെ ഓൺലൈൻ മീറ്റിംഗുകളുടെ സംഘാടനത്തിനും TPMS, TMP, CPGRAM എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികസഹായം നൽകുകയും ഇൻസ്റ്റിട്യൂട്ടിലെ കംപ്യൂട്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ജീവനക്കാർക്ക് ഓൺലൈൻ രീതിയിൽ ഫയൽ പ്രോസ്സസ്സിങ്ങിന് ആവശ്യമായ സാങ്കേതികസഹായവും നൽകി വരുന്നുണ്ട്. ശ്രീ.അജിത്തിന് മറ്റൊരു ജോലിക്ക് ശ്രമിക്കുന്നതിനുള്ള പ്രായപരിധിയും കഴിഞ്ഞിരിക്കുകയാണ് എന്നും അറിയിച്ചിരിക്കുന്നു.

ശ്രീ. അജിത്ത് ജോലി ചെയ്യുന്ന Technical Consultant എന്ന പേരിൽ നിലവിൽ അംഗീകൃത തസ്തിക കിലയിൽ നിലവിലില്ല. കില സി.എച്ച്.ആർ.ഡി/ സി.എസ്.ഇ.ഡി ഓഫീസ് പ്രവർത്തനങ്ങളും പരിശീലനങ്ങളും കമ്പ്യൂട്ടറൈസ്ഡ് /ഇലക്ട്രോണിക് (ഓൺലൈൻ) സംവിധാനത്തിലൂടെ ആയതിനാൽ ടെക്നിക്കൽ കൺസൾട്ടന്റിന്റെ സേവനം ആവശ്യമാണ്. കിലയിൽ ശ്രീ. അജിത്തിനൊപ്പം ഇതേ രീതിയിൽ മുമ്പ് മുതൽ തന്നെ ജോലി ചെയ്തുവരുന്ന മറ്റ് രണ്ട് ജീവനക്കാർ കൂടി ഉണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാകേണ്ടതുണ്ട്.

മേൽ വിഷയം 30.11.2023ലെ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സമാനമായ മറ്റ് അപേക്ഷകൾക്കൊപ്പം ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കില കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്ന ശ്രീ.അജിത്ത് ആർ – ന്റെ സ്ഥിരനിയമനത്തിനായുള്ള അപേക്ഷ സർക്കാരിലേക്ക് അയക്കുവാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ - 9**

**കേന്ദ്ര സർക്കാരിന്റെ RGSA പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സിഎച്ച്ആർഡിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ.മുഹമ്മദ് ഷെമീറിന് സ്ഥിരം നിയമനം നല്കണമെന്ന അപേക്ഷ - സംബന്ധിച്ച്**

കേന്ദ്ര സർക്കാരിന്റെ RGSA പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സിഎച്ച്ആർഡിയിൽ താൽക്കാലികാടിസ്ഥാനത്തിൽ അക്കൌണ്ടന്റായി ജോലി ചെയ്യുവരുന്ന ശ്രീ.മുഹമ്മദ് ഷെമീറിന് സ്ഥിരം നിയമനം നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

മുൻ എസ്.ഐ.ആർ.ഡി കൊട്ടാരക്കരയിൽ 2015 ഏപ്രിൽ 13 മുതൽ RGSA പദ്ധതിയിൽ ക്ലറിക്കൽ അസിസ്റ്റന്റ് കം അക്കൗണ്ടന്റ് ആയി കരാർ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച് ഇപ്പോഴും തുടർന്ന് വരികയാണ്. ഇപ്പോൾ പ്രതിമാസം 25,000/- രൂപയാണ് മാസവേതനം.

കില കൊട്ടാരക്കര സെന്ററിൽ അക്കൗണ്ട്സ് സെക്ഷനും (A seat) പരിശീലന സെക്ഷനും (B Seat) കൈകാര്യം ചെയ്യുന്നതിന് ടിയാനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും എട്ട് വർഷത്തിലധികമായി കിലയിൽ ജോലി നിർവ്വഹിക്കുന്ന തനിക്ക് പ്രസ്തുത ജോലിയിൽ നിന്നും ലഭിക്കുന്ന വരുമാന മാർഗ്ഗം മാത്രമാണ് കുടുംബത്തിന്റെ ഏക ആശ്രയമെന്നും മാതാവ് കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങളാൽ ചികിൽസയിലാണെന്നും ഇപ്പോഴും താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനാൽ മറ്റാനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കുന്നില്ലായെന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്.

RGSA പ്രോജക്ടുമായി ബന്ധപ്പെട്ട് വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിരവധി ജീവനക്കാർ-ഫാക്കൽറ്റി അംഗങ്ങൾ /തീമാറ്റിക് എക്സ്പെർട്ട് ഉൾപ്പെടെ- കിലയിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. ടി വിഷയം 30.11.2023 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. സമാനമായ മറ്റ് അപേക്ഷകൾക്കൊപ്പം ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**കേന്ദ്ര സർക്കാരിന്റെ RGSA പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സിഎച്ച്ആർഡിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ.മുഹമ്മദ് ഷെമീറിന് സ്ഥിരം നിയമനം നല്കണമെന്ന അപേക്ഷ സർക്കാരിലേക്ക് അയക്കുവാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

## ഐറ്റം നമ്പർ - 10

**കില - അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്**

കിലയിൽ നിലവിൽ ഒഴിവുള്ള അംഗീകൃത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന കില ഹെഡ് ക്വാട്ടേഴ്സിലേയും സി.എച്ച്.ആർ.ഡി-യിലേയും ജീവനക്കാർ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ 06/07/2023 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു. ആയതിൽ കില അഗളി സെന്ററിൽ ജോലി ചെയ്തുവരുന്ന രണ്ട് ജീവനക്കാരുടെ പേരുകൾ വിട്ടുപോയിരുന്നു. വിശദാംശം ചുവടെച്ചേർക്കുന്നു

| # | Name | Date of Birth & Age | Date from which working in the Institute | Post on which engaged | No of year & month working | Working Place |
|---|---|---|---|---|---|---|
| | **Clerical Support - 2 persons are engaged on Daily Wage basis against the sanctioned post** | | | | | |
| 1. | Suhas C | 31/05/1986<br>37 years | 01/11/2017 | Assistant | 6 Years | KILA CTDNRM, Agali |
| 2. | Meena TR | 25/05/1972<br>51 years | 27/09/2017 | Assistant | 6 Years | KILA CTDNRM, Agali |

കില അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ.സുഹാസ്.സി, ശ്രീമതി മീന.ടി.ആർ എന്നിവരെ അസിസ്റ്റന്റ് (II/I/Sr.Gr/Selection Grade) തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം 30.11.2023 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.

എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ഗവേണിംഗ് കൗൺസിലിന് മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

കില - അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതുന്നതിനുള്ള അപേക്ഷ സർക്കാരിലേക്ക് അയക്കുവാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

## ഐറ്റം നമ്പർ – 11

**കൊട്ടാരക്കര കില സി.എസ്.ഇ.ഡി യിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ.രാജീവിന് മെക്കാനിക് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്**

മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ എന്നിവിടങ്ങളിലെ മൂന്ന് മുൻ ഇടിസികളെ കിലയുമായി കൂട്ടിച്ചേർത്ത് കില - സെന്റർ ഫോർ ഗുഡ് ഗവേണൻസ് മണ്ണുത്തി, കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് കൊട്ടാരക്കര, കില-സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് തളിപറമ്പ (ടി സെന്ററിന്റെ പേര് അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം തളിപ്പറമ്പ എന്ന് പുതുക്കി ഉത്തരവായിട്ടുണ്ട്) എന്ന് പുനർനാമകരണം ചെയ്യുകയും 24/02/2021 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം ടി സെന്ററുകളിലെ നിലവിലുള്ള ആസ്തികളുടേയും വസ്തുവകകളുടേയും ഉടമസ്ഥാവകാശം ഗ്രാമവികസന കമ്മീഷണറേറ്റിലും പുതുതായി വാങ്ങുന്നവയുടെ ഉടമസ്ഥാവകാശം കിലയിലും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷിപ്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

കില-സി.എസ്.ഇഡി കൊട്ടാരക്കരയിൽ (മുൻ ഇ.ടി.സി, കൊട്ടാരക്കര) 2010 മുതൽ ദിവസ വേതന വ്യവസ്ഥയിൽ മെക്കാനിക് തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരനാണ് ശ്രീ രാജീവ്, ഇൻസ്റ്റിട്യൂട്ടിലെ പ്ലംബിംഗ്, വയറിംഗ്, മറ്റ് അറ്റകുറ്റപ്പണികൾ, ജലവിതരണം, വൈദ്യുതി വിതരണത്തിലെ അറ്റകുറ്റപ്പണി എന്നിവ ടിയാന്റെ ചുമതലയിലാണ്. കൂടാതെ കില- സി.എച്ച്.ആർഡിയിൽ പ്ലംബർ/ ഇലകട്രീഷ്യൻ തസ്തികയിൽ ജീവനക്കാരൻ ഇല്ലാത്തതിനാൽ അടിയന്തിര സാഹചര്യങ്ങളിൽ ആവശ്യമായ പ്ലംബിംഗ്, വയറിംഗ്, മറ്റ് അറ്റകുറ്റപ്പണികളും ശ്രീ. രാജീവ് നിർവ്വഹിക്കുന്നുണ്ട്. ടിയാനെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജീവ് സമർപ്പിച്ച അപേക്ഷ (അനുബന്ധം 5) സമർപ്പിച്ചിരിക്കുകയാണ്.

നവകേരള സദസ്സിലേക്ക് ഇതേ ആവശ്യം ഉന്നയിച്ച് ടിയാൻ നൽകിയ അപേക്ഷക്ക് ടി വിഷയത്തിൽ നയപരമായ തീരുമാനം ആവശ്യമായതിനാൽ കിലയുടെ അടുത്ത എക്സിക്യുട്ടീവ് കമ്മിറ്റിയ്ക്കു മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കുന്നതാണ് എന്നാണ് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ച കൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17.07.2020 തീയതിൽ സ.ഉ(കൈ)നം.106/2020/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 14ൽ " നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരേയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെയും തസ്തികളും നിലവിലെ ജീവനക്കാർ വിരമിക്കുന്നതിനുസരിച്ച് കിലക്ക് വിട്ടുകൊടുക്കേണ്ടതാണ് " എന്നാണ് പരാമർശിച്ചിട്ടുള്ളത്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഈ ഉത്തരവ് പ്രകാരം കിലയുടെ ഭാഗമായി മാറിയ സാഹചര്യത്തിൽ കാലഘട്ടത്തിനനുസരിച്ച് പുനർനാമകരണം ചെയ്യേണ്ടതുണ്ട്. CMD ഇതിനകം തന്നെ തന്നെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും 23.01.2019 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം തുടർനടപടികൾ എടുക്കാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അടുത്ത ഗവേണിംഗ് കൗൺസിൽ മുമ്പെ നിർദ്ദേശം സമർപ്പിക്കുവാനും 30.11.2023 ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി വിഷയം ഗവേണിംഗ് കൗൺസിലിന് മുമ്പാകെ സമർപ്പിക്കുന്നു

**തീരുമാനം**

**കൊട്ടാരക്കര കില സി.എസ്.ഇ.ഡിയിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ.രാജീവിന് മെക്കാനിക് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ സർക്കാരിലേക്ക് അയക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ – 12**

**കില പ്രവർത്തന റിപ്പോർട്ട് -**

2023 ഏപ്രിൽ 1 മുതൽ 2024 ഫെബ്രുവരി 10 വരെ കില നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായി റിപ്പോർട്ട് **അനുബന്ധം 6** ആയി 29.02.2024 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു.

ആയത് അംഗീകാരത്തിനായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം**

**2023 ഏപ്രിൽ 1 മുതൽ 2024 ഫെബ്രുവരി 10 വരെ കില നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഗവേണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.**

അഡീഷണൽ അജണ്ട

**അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**

**ഐറ്റം നമ്പർ – 1**

**കിലയിലെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച്**

1) സർക്കാരിന്റെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ കാര്യശേഷി വികസന പരിശീലന പരിപാടികൾ വർഷാരംഭം മുതൽ തന്നെ കില നടത്തി വരുന്നു. എന്നാൽ ധനസഹായം സമയബന്ധിതമായി കഴിഞ്ഞ സാമ്പത്തികവർഷത്തിലും നടപ്പ് സാമ്പത്തികവർഷത്തിലും ലഭിക്കാത്തതിനാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. പരിശീലന പരിപാടിയുടെ ചിലവുകൾ യഥാസമയം തീർപ്പാക്കേണ്ടതിനാൽ കിലയിൽ ലഭ്യമായ മറ്റ് ഫണ്ടുകളിൽ നിന്നും മുൻകൂർ എടുത്താണ് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്.
2) സർക്കാരിന്റെ തന്നെ വിവിധ പദ്ധതികളായ One Local Government One Idea (OLOI) പ്രൊജക്റ്റിന് നാളിതുവരെ ഉള്ള ചിലവ് 75 ലക്ഷം രൂപ., Rebuild Kerala Initiative (RKI) പ്രൊജക്റ്റിന് നാളിതുവരെ ഉള്ള ചിലവ് 100 ലക്ഷം രൂപ ഇതിനകം കില ചെലവഴിച്ചിരിക്കുകയാണ്. ഈ പ്രോജക്ടുകളുടെ തുകയും സമയബന്ധിതമായി ലഭിക്കാത്തതിനാൽ കിലയുടെ തനത് ഫണ്ടും ഈ പ്രൊജക്റ്റിലേക്ക് ഉപയോഗിക്കേണ്ടതിനാൽ കിലയ്ക്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്.

കില ഒരു Self Financing Mode ൽ ആണ് പ്രവർത്തിച്ചു വരുന്നത് എന്നതിനാൽ തന്നെ കിലയുടെ ദൈനംദിന ചെലവുകൾ, ജീവനക്കാരുടെ ശമ്പളം എന്നിവ നൽകുന്നതിന് പ്രതിസന്ധി നേരിടുകയാണ്. ജീവനക്കാരുടെ ശമ്പളം നൽകുന്നത് പോലുള്ള പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കിലയുടെ തൃശ്ശൂർ ജില്ല ട്രഷറിയിൽ സ്ഥിരനിക്ഷേപമായ കോർപ്പസ് ഫണ്ടിൽ നിന്ന് തുക എടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നത് അഭികാമ്യമായിരിക്കും. അതാത് പ്രൊജക്റ്റിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നെടുത്ത തുക തിരിച്ചടച്ച് ക്രമവൽക്കരിക്കാൻ സാധ്യമാകും.

ഈ സാഹചര്യത്തിൽ മേൽ വിഷയം ഗവേണിംഗ് കൗൺസിൽ മുമ്പാകെ ഉചിത തീരുമാനത്തിനായ സമർപ്പിക്കുന്നു.

**തീരുമാനം**

**മേൽ വിഷയം ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്തു. സർക്കാരിന്റെ വിവിധ പദ്ധതികളായ One Local Government One Idea (OLOI), Rebuild Kerala Initiative (RKI) പ്രൊജക്ടുകൾക്ക് നാളിതുവരെ ഉള്ള ചിലവായ 175 ലക്ഷം രൂപ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അടിയന്തിരമായി ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. അടിയന്തിര ഘട്ടത്തിൽ മേൽ പരാമർശിച്ച തുകയുടെ തത്തുല്യ തുക തൃശ്ശൂർ ജില്ല ട്രഷറിയിൽ സ്ഥിരനിക്ഷേപമായ കോർപ്പസ് ഫണ്ടിൽ നിന്ന് എടുക്കുന്നതിനും അതാത് പ്രൊജക്റ്റിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നെടുത്ത തുക തിരിച്ചടക്കുന്നതിനും ഗവേണിംഗ് കൗൺസിൽ അനുമതി നൽകി. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുവാൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു.**

**യോഗം 3.30 PM ന് അവസാനിച്ചു.**

എം. ബി. രാജേഷ്
തദ്ദേശ-എക്സൈസ് വകുപ്പ്മന്ത്രി

എം.ബി രാജേഷ്

**ചെയർ പേഴ്സൺ, ഗവേണിംഗ് കൗൺസിൽ, കില**